ESTD-1968

# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 മാർച്ച് 21 | ദീപം 57 | നാളം 3 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org

# വെല്ലുവിളിക്കപ്പെടുന്ന മതേതരത്വവും ജനാധിപത്യവും






ഷെവ. അഡ്വ. വി.സി. സെബാസ്റ്റ്യൻ

ഏതാനും ആഴ്ചകൾക്കുള്ളിൽ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യ പൊതുതിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയാണ്. അടുത്ത അഞ്ചു വർഷത്തേക്ക് ഇന്ത്യ ആരു ഭരിക്കണമെന്നുള്ള ജനങ്ങളുടെ തീരുമാനം വോട്ടായി മാറുമ്പോൾ പ്രതീക്ഷകളേറെയാണ്. ദേശീയ, പ്രാദേശികപാർട്ടികൾ സ്ഥാനാർഥികളെ പ്രഖ്യാപിച്ചും അടിച്ചേല്പിച്ചും കാലങ്ങളായി തുടരുന്ന രാഷ്ട്രീയ നാടകം വീണ്ടും ആവർത്തിക്കുന്നു. ചേരിതിരിവുകളും കുറുമാറ്റങ്ങളും രാഷ്ട്രീയ പകപോക്കലുകളും നിത്യസംഭവങ്ങളായിരിക്കുമ്പോൾ പ്രതികരണശേഷി നഷ്ടപ്പെട്ട പൗരന്മാർ ഇവയൊന്നും മുഖവിലയ്ക്കെടുക്കാതെ ഒളിച്ചോട്ടം തുടരുന്നു.

ഈയവസരത്തിൽ, ഇന്ത്യയുടെ ആനുകാലിക സാമൂഹികരാഷ്ട്രീയ പശ്ചാത്തലം വിലയിരുത്തിക്കൊണ്ടുള്ള ഭാരത കത്തോലിക്കാമെത്രാൻസമിതിയുടെ കാഴ്ചപ്പാടുകളും നിലപാടുകളും വളരെ പ്രസക്തമാണ്.

### സി.ബി.സി.ഐ. സമ്മേളനം

ഭാരത കത്തോലിക്കാസഭയുടെ ദേശീയ കൂട്ടായ്മയായ കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ 36-ാം ജനറൽ ബോഡി 2024 ജനുവരി 31 മുതൽ ഫെബ്രുവരി ഏഴുവരെ ബാംഗ്ലൂർ സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസിൽ നടക്കുകയുണ്ടായി.

ലത്തീൻ, സീറോ മലബാർ, സീറോ മലങ്കര എന്നീ മൂന്നു കത്തോലിക്കാ സഭാവിഭാഗങ്ങൾ സി.ബി.സി.ഐയിൽ ഉൾപ്പെടുന്നു. 174 കത്തോലിക്കാരൂപതകളാണ് നിലവിൽ ഇന്ത്യയിലുള്ളത്. എട്ടു ദിവസങ്ങളായി നടന്ന ചിന്തകളുടെയും പഠനങ്ങളുടെയും പങ്കുവയ്ക്കലുകളുടെയും വെളിച്ചത്തിൽ, ഇന്ത്യയിലെ ആനുകാലിക സാമൂഹികരാഷ്ട്രീയസാഹചര്യങ്ങളിന്മേൽ ഭാരത കത്തോലിക്കാസഭയുടെ കാഴ്ചപ്പാടുകളും നിലപാടുകളും സംക്ഷിപ്തമായി ഇവിടെ ചേർക്കുന്നു.

### സാമൂഹികരാഷ്ട്രീയ വിലയിരുത്തലുകൾ

നാനാത്വത്തിൽ ഏകത്വമെന്ന സമ്പന്നമായ സാംസ്കാരികപാരമ്പര്യമുള്ള പുരാതന നാഗരികതയാണ് നമ്മുടേത്. ഭരണഘടനയിൽ പ്രതിപാദിച്ചിട്ടുള്ള മതസൗഹാർദം, അഹിംസ, സമാധാനം എന്നീ മൂല്യങ്ങളെ ഭാരതസമൂഹം വിലമതിക്കുന്നു. ശാസ്ത്രം, സാങ്കേതികവിദ്യ, സാമ്പത്തികരംഗം തുടങ്ങി ഒട്ടനവധി മേഖലകളിൽ ഇന്ത്യ വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്. ലോകത്തിലെ വളർന്നുവരുന്ന സാമ്പത്തികശക്തിയായി രാജ്യം അംഗീകരിക്കപ്പെട്ടിട്ടുമുണ്ട്. നമ്മുടെ രാജ്യത്തിന്റെ പുരോഗതിയിൽ ക്രൈസ്തവസമൂഹം അഭിമാനിക്കുന്നു. എന്നിരുന്നാലും, ആശങ്കയ്ക്ക് ഇടനൽകുന്ന ഗുരുതരമായ കാരണങ്ങൾ കണ്ടെത്തുന്നു.

### സഭയുടെ ആശങ്കകൾ

നമ്മുടെ രാജ്യത്തെ സാമ്പത്തിക വളർച്ച ഒരു ചെറിയ ശതമാനത്തിനു മാത്രമേ ഗുണം ചെയ്തിട്ടുള്ളൂ. തൊഴിലില്ലായ്മനിരക്കു വളരെയധികം വർധിച്ചു. വൻതോതിലുള്ള കുടിയേറ്റം പലർക്കും പറഞ്ഞറിയിക്കാനാവാത്ത ദുരിതങ്ങൾ സൃഷ്ടിച്ചു. അതുപോലെ, ശാസ്ത്രീയവും സാങ്കേതികവുമായ വികസനം നമ്മുടെ ഭൂരിഭാഗം ആളുകളിലും, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ ഇതുവരെ എത്തിയിട്ടില്ല. ഇത് ഡിജിറ്റൽ വിഭജനത്തിനു കാരണമാകുന്നു.

വികസനം പലപ്പോഴും പരിസ്ഥിതിക്കു ഹാനികരമായിത്തീരുകയാണ്. പ്രത്യേകിച്ച് വികസനത്തിന്റെ മറവിൽ ആദിവാസിസഹോദരങ്ങളുടെ ജീവിതം തടസ്സപ്പെടുത്തുന്നു. അവരിൽ പലരും അവരുടെ ഭൂമിയിൽനിന്നു കുടിയൊഴിപ്പിക്കപ്പെടുന്നു. തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ കഷ്ടപ്പാടുകളും കർഷകരുടെ ദീർഘകാലപോരാട്ടവും നാം വേദനയോടെ കാണുന്നു.

### ന്യൂനപക്ഷാവകാശങ്ങൾ

വിഭജനമനോഭാവങ്ങളും വിദ്വേഷപ്രസംഗങ്ങളുംമൂലം മതമൗലികവാദപ്രസ്ഥാനങ്ങൾ നമ്മുടെ രാജ്യത്തിന്റെയും ഭരണഘടനയുടെയും എല്ലായ്പോഴും സവിശേഷതയായ ബഹുസ്വരവും മതേതരവുമായ ധാർമികതയെ ഇല്ലാതാക്കുന്നുവെന്ന ആശങ്കയുണ്ട്. ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളും ന്യൂനപക്ഷാവകാശങ്ങളും ഒരിക്കലും ദുർബലപ്പെടാൻ പാടില്ല. ▶2






ഡിജോ കാപ്പൻ

ലോകസഭാതിരഞ്ഞെടുപ്പിനായുള്ള സമയക്രമം പ്രഖ്യാപിക്കാൻ ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ, വിവാദപരമായ പൗരത്വഭേദഗതിനിയമവ്യവസ്ഥകൾ (സി.എ.എ.) നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ കേന്ദ്രസർക്കാർ വിജ്ഞാപനമിറക്കിയത് രാജ്യത്തു മതപരമായ ഭിന്നതയ്ക്കും സംഘർഷത്തിനുമിടയാക്കുമെന്ന വലിയ ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. പാക്കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽനിന്നു മതവിവേചനത്തിനിരയായി പുറത്താക്കപ്പെട്ട ഹിന്ദു, സിഖ്, ബുദ്ധ, ജൈന, പാഴ്സി, ക്രിസ്ത്യൻ മതവിഭാഗങ്ങളിൽനിന്ന് 2014 ഡിസംബർ 31 വരെ ഇന്ത്യയിലെത്തിയവർക്ക് മാർച്ച് 12 മുതൽ ഇന്ത്യൻ പൗരത്വത്തിനപേക്ഷിക്കാമെന്ന് 11 ന് ഇറക്കിയ വിജ്ഞാപനത്തിൽ പറയുന്നു. എന്നാൽ, ഈ രാജ്യങ്ങളിൽനിന്നെത്തിയ മുസ്ലീംമതവിഭാഗത്തിൽപ്പെട്ടവർക്ക് പൗരത്വത്തിനപേക്ഷിക്കാൻ കഴിയില്ല.

മതാടിസ്ഥാനത്തിൽ പൗരത്വം അനുവദിക്കുന്നതിനുള്ള നിയമഭേദഗതികൾ 2019 ൽ പാർലമെന്റ് പാസാക്കിയിരുന്നു. 2019 ഡിസംബർ 12 ന് രാഷ്ട്രപതിയുടെ അംഗീകാരത്തോടെ വിജ്ഞാപനം ചെയ്തതുമുതൽ നിയമഭേദഗതി പ്രാബല്യത്തിലായെങ്കിലും വ്യവസ്ഥകൾ ഉണ്ടാക്കാതെ കഴിഞ്ഞ നാലുവർഷമായി നീട്ടിക്കൊണ്ടുപോകുകയായിരുന്നു. തിരഞ്ഞെടുപ്പിനുമുമ്പ് പൗരത്വനിയമവ്യവസ്ഥ നടപ്പാക്കുമെന്നു കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പലവട്ടം പറഞ്ഞിരുന്നെങ്കിലും ലോകസഭാതിരഞ്ഞെടുപ്പു പടിവാതിലിൽ നിൽക്കേ, മതത്തിന്റെ പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കുന്ന ഇങ്ങനെയൊരു വിവാദനിയമം കൊണ്ടുവന്നത് ഭൂരിപക്ഷമതവിഭാഗങ്ങളിൽപ്പെടുന്നവരുടെ വോട്ടു നേടിയെടുക്കാനാണ് എന്നതിനു സംശയമൊന്നുമില്ല. അതിനായി വർഗീയധ്രുവീകരണം ലക്ഷ്യമിട്ടാണു തിരഞ്ഞെടുപ്പു പ്രഖ്യാപിക്കുന്നതിനു ദിവസങ്ങൾക്കുമുമ്പുമാത്രം ഇങ്ങനെയൊരു പ്രകോപനപരമായ നടപടിക്കു കേന്ദ്രസർക്കാർ തയ്യാറായത് എന്നുവേണം കരുതാൻ. ▶5

# സൈക്കോസൊമാറ്റിക് രോഗങ്ങൾ കുട്ടികളിൽ

## പരീക്ഷക്കാലം – 5



ഡോ. ജോർജ് കളപ്പുര

പരീക്ഷക്കാലത്തു കുട്ടികളെ ശക്തമായി ബാധിക്കുന്ന പ്രശ്നങ്ങളാണ് സൈക്കോസൊമാറ്റിക് രോഗങ്ങൾ. മാനസികസമ്മർദങ്ങളാണ് ഇവയുടെ പ്രധാനകാരണം. കുട്ടികൾക്കു മാത്രമല്ല മുതിർന്നവർക്കും സൈക്കോസൊമാറ്റിക് രോഗങ്ങൾ വരാം. കുട്ടികൾ പൊതുവെ മാനസികബലം കുറഞ്ഞവരാണ്. പ്രശ്നങ്ങളെയും പ്രതിസന്ധികളെയും നേരിടാൻ മുതിർന്നവരെപ്പോലെ ശക്തരല്ല. അതിനാൽ, മുതിർന്നവരിൽ കാണപ്പെടുന്നതിനെക്കാൾ മാനസികസമ്മർദം കുട്ടികളിൽ ഏറിനിൽക്കുന്നു.

**രക്ഷപ്പെടൽ തന്ത്രങ്ങൾ**

മുതിർന്നവർ കുട്ടികളുടെ പ്രശ്നങ്ങൾ തീരെ മനസ്സിലാക്കുന്നില്ല എന്നതാണ് ഇന്നത്തെ പ്രധാന പ്രശ്നം. തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാതെവരുന്നതിനാൽ അവർ പലവിധത്തിലുള്ള രക്ഷപ്പെടൽതന്ത്രങ്ങളിലേക്കു വഴുതിമാറുന്നു.

താഴെപ്പറയുന്ന ഉദാഹരണങ്ങൾ ഇതിനു തെളിവുകളാണ്:

– കുട്ടികൾ മുഴുവൻ സമയവും മൊബൈലിലാണ്.

– കുട്ടികൾക്കിടയിൽ മദ്യവും മയക്കുമരുന്നും ഏറിവരുന്നു.

– ഇന്നത്തെ കുട്ടികൾക്ക് ദൈവവിശ്വാസം കുറഞ്ഞുവരുന്നു.

– കുട്ടികൾക്കിടയിൽ അക്രമവാസന വർധിക്കുന്നു.

– പരീക്ഷയായാൽപ്പോലും പഠിക്കണമെന്ന ചിന്ത കുട്ടികൾക്കു തീരെയില്ല.

– ആഡംബരഭ്രമവും അലസതയും ഇന്നത്തെ കുട്ടികളുടെ പ്രത്യേകതയാണ്.

ഇങ്ങനെ കുട്ടികളെ നമ്മൾ നിരീക്ഷിക്കുമ്പോൾ അവർ കാട്ടിക്കൂട്ടുന്ന പ്രശ്നങ്ങൾക്കെല്ലാം പിന്നിൽ ചില രക്ഷപ്പെടൽതന്ത്രങ്ങളാണെന്നു മനസ്സിലാകും. ഇത്തരം രക്ഷപ്പെടൽതന്ത്രങ്ങൾ ശരീരത്തിലും പ്രകടമായി വരാറുണ്ട്. ശാരീരികരോഗങ്ങളായിട്ടാണ് ഇവ പ്രത്യക്ഷപ്പെടുക. പരീക്ഷക്കാലത്ത് ഇത് ഏറിവരുകയും ചെയ്യും. ശാരീരികരോഗങ്ങളാണെന്നു നാം കരുതും. വിദഗ്ധമായ ചികിത്സകൾക്കു വിധേയമാക്കും. വലിയ വലിയ ടെസ്റ്റുകൾ നടത്തും. ഒരു കുഴപ്പവുമില്ല എന്നു തെളിയുമ്പോൾ ഒരു സൈക്കോളജിസ്റ്റിനെക്കൂടി കാണിക്കാൻ ഡോക്ടർമാർ നിർദേശിക്കും. അല്ലെങ്കിൽ ചില വിറ്റാമിൻ ഗുളികകൾ നൽകും. മരുന്നു കിട്ടിക്കഴിയുമ്പോൾ രോഗം ഏറെക്കുറെ മാറിക്കിട്ടും. ഇതുമല്ലെങ്കിൽ രണ്ടുദിവസം ഹോസ്പിറ്റലിൽ അഡ്മിറ്റാക്കി ഇടും. എല്ലാവരും ചുറ്റുംകൂടി കുറെ പരിചരണവും പരിഗണനയും കിട്ടിക്കഴിയുമ്പോൾ മാനസികസമ്മർദം കുറയും. സ്നേഹത്തിനുവേണ്ടി ദാഹിക്കുന്ന മനസ്സ് ടെൻഷൻ ഫ്രീ ആകും. രോഗം മാറും.

ഇത്തരം രോഗാവസ്ഥകളെ മനോജന്യശാരീരികരോഗങ്ങൾ എന്നു വിളിക്കുന്നു.

പ്രധാനമായും ഇവ അഞ്ചുവിധത്തിൽ കാണപ്പെടുന്നു.

**1. തലയുമായി ബന്ധപ്പെട്ടവ**

കുട്ടികൾക്കു തലവേദന ഉണ്ടാകുന്നത് സാധാരണമാണ്. സ്കൂളിൽ പോകാൻ മടിയുള്ളവരിലാണ് ഇതു കാണപ്പെടുന്നത്. സ്കൂളിൽ പോകുന്ന സമയം കഴിയുമ്പോൾ ഇത് അപ്രത്യക്ഷമാകും. പരീക്ഷയുടെ തലേദിവസം ശക്തമായ തലവേദന ഉണ്ടാകാം. അല്പസമയം റെസ്റ്റ് എടുക്കാൻ പറഞ്ഞാൽ തലവേദന കുറയുന്നു. അല്ലെങ്കിൽ അല്പസമയം ഒന്ന് ഉറങ്ങിയെഴുന്നേൽക്കുമ്പോൾ തലവേദന മാറുന്നു. പക്ഷേ, തല വെട്ടിപ്പിളർക്കുന്ന വേദന എന്നു കുട്ടി പറയുമ്പോൾ വിദഗ്ധമായ പരിശോധന വേണമല്ലോ. ഹോസ്പിറ്റലിൽ കൊണ്ടുചെന്നാൽ വിദഗ്ധമായ ടെസ്റ്റിനു വിധേയമാക്കാതെ പറ്റില്ല. ഉറപ്പില്ലാതെ മരുന്നുകൾ എഴുതാൻ കഴിയില്ല. സൂര്യൻ ഉദിക്കുന്നതിനു മുമ്പ് ചില പച്ചമരുന്നുകൾ ഒറ്റമൂലിയായി കഴിക്കുമ്പോൾ അതിശക്തമായ മൈഗ്രയിൻ മാറാറുണ്ട്.

**2. ഹൃദയവുമായി ബന്ധപ്പെട്ടവ**

മനസ്സ് ഇങ്ങനെയൊക്കെ പ്രവർത്തിക്കുമോ എന്നു സംശയിച്ചേക്കാം. മനസ്സിന്റെ പ്രവർത്തനം നമ്മെ അദ്ഭുതപ്പെടുത്തുന്നതാണ്. ഹൃദയസ്തംഭനം എന്ന രോഗാവസ്ഥ കുട്ടികൾക്കും ഉണ്ടാകാം. ശക്തമായ നെഞ്ചുവേദന ഉണ്ടാകുന്നു. രോഗിയെ ഐ.സി.യുവിൽ ആക്കുന്നു. ഹോസ്പിറ്റലിൽ വിദഗ്ധമായ പരിശോധന നടത്തുന്നു. ഒരു കുഴപ്പവും കാണുന്നില്ല. പക്ഷേ, നെഞ്ചുവേദന കൂടക്കൂടെ ഉണ്ടാകുന്നു. രോഗകാരണം ഇല്ലെങ്കിൽ പിന്നെ രോഗം എങ്ങനെ ഉണ്ടാകുന്നു? മാനസികസമ്മർദമാകാം. ചിലർക്ക് ശരീരം മുഴുവൻ ഇടിച്ചുനുറുക്കുന്ന വേദന. കണ്ണു മഞ്ചുന്നു. തലചുറ്റുന്നു. ബോധംകെട്ടുവീഴുന്നു. അസംബ്ലിക്കിടയിൽ തലചുറ്റിവീഴുന്നു.

**3. ശ്വാസകോശവുമായി ബന്ധപ്പെട്ടവ**

കുട്ടികൾക്കു ശ്വാസംമുട്ടൽ സാധാരണമാണ്. ഇത്തരം സാഹചര്യത്തിൽ മരണവെപ്രാളമായിരിക്കും. ആശ്വാസത്തിന് ഇൻഹെയിലർ നൽകും. ഇത്തരം ഇൻഹെയിലറുകൾ വളരെക്കാലം ഉപയോഗിക്കേണ്ടിവന്നേക്കാം. ഇത്തരം പ്രശ്നങ്ങൾ അലർജിയുടെ രൂപത്തിലും വരാറുണ്ട്.

മിക്ക കുട്ടികൾക്കും പലതരം അലർജികളുണ്ട്. മഴ, മഞ്ഞ്, തണുപ്പ്, വെയിൽ, ചൂട്, മണ്ണ്, പൊടി, പുക, ചന്ദനത്തിരിയുടെ മണം, പഴയ പുസ്തകങ്ങൾ, പഴയ വസ്ത്രങ്ങൾ, ഫംഗസുകൾ മുതൽ വിവിധതരം ഇറച്ചികൾ, ചിലതരം മീനുകൾ, വിഷം തളിച്ച ചില പഴങ്ങൾ, പാൽ, തൈര്, മോര്, മുട്ട വരെ നീളുന്ന അനവധി അലർജികൾ. ചിലർക്ക് കൊതുക്, ഈച്ച വഴിയുള്ള ഇൻസെക്റ്റ്സ് അലർജിയായി വരാറുണ്ട്. ഇത്തരം ചില അലർജിവസ്തുക്കൾ ശ്വാസകോശവുമായി ബന്ധപ്പെട്ടിരിക്കുന്നു. മറ്റു ചിലത് വയറുമായി ബന്ധപ്പെട്ടിരിക്കുന്നു. ചില അലർജികൾ ത്വക്കുമായി ബന്ധമുള്ളവയാണ്. അലർജി എന്താണെന്നും അതിന്റെ കാരണം എന്താണെന്നും കണ്ടെത്തി അതിനെ മനസ്സിൽനിന്നു മാറ്റിയാൽ പ്രശ്നം മാറിക്കിട്ടും.



**4. വയറുമായി ബന്ധപ്പെട്ടവ**

ദഹനവ്യവസ്ഥ ക്രമമല്ലെങ്കിൽ അനവധി പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. മിക്ക വ്യക്തികളും ഗ്യാസിന്റെ പ്രശ്നം നേരിടുന്നു. വയറിനകത്ത് വലിയ ശബ്ദവും പുളിച്ചുതികട്ടലും നെഞ്ചെരിച്ചിലും സാധാരണമായിരിക്കും. മോഷൻ കറക്റ്റ് ആയിരിക്കില്ല. ചിലർക്ക് ലൂസ് മോഷനും മലബന്ധവും ഉണ്ടാകുന്നു. കുട്ടികൾക്ക് ഇതു സാധാരണമാണ്. വൃത്തിയില്ലാതെ ആഹാരം കഴിക്കുന്നതാണ് പ്രധാന കാരണം. അനവധി മരുന്നുകൾ കഴിച്ചാലും രോഗസൗഖ്യം ലഭിക്കണമെന്നില്ല. ഇത്തരം പ്രശ്നത്തെ മനഃശാസ്ത്രപരമായി പരിഹരിക്കാവുന്നതാണ്.

കുട്ടികൾ എല്ലാവിധ ആഹാരസാധനങ്ങളും ഇഷ്ടപ്പെടുന്നു. എന്തും തിന്നാനും കുടിക്കാനും അവർക്ക് ആഗ്രഹമുണ്ട്. എന്നാൽ, ചിലതു കഴിക്കാൻ പറ്റുന്നില്ല. കഴിച്ചാൽ ഛർദിക്കും. ശരീരം ചൊറിഞ്ഞുതടിക്കും. അതിനാൽ ഇഷ്ടമില്ലെന്നു പറഞ്ഞൊഴിയും. ഇത്തരം സാഹചര്യത്തെ മനഃശാസ്ത്രസമീപനത്തിലൂടെ പരിഹരിക്കാവുന്നതാണ്.

മനസ്സിന്റെ തോന്നൽ മാറുകയും ധൈര്യം കിട്ടുകയും ചെയ്യുമ്പോൾ പല അലർജികളും മാറുന്നതായി കാണുന്നു.

**5. ത്വക്കുമായി ബന്ധപ്പെട്ടവ**

ശരീരത്തിലെ ഏറ്റവും വലിയ പ്രതിരോധസംവിധാനമാണ് ത്വക്ക്. മണ്ണ്, ചെളി, വായു തുടങ്ങിയവയെല്ലാമായി ശരീരം പ്രതിരോധത്തിൽ നിൽക്കുന്നത് തൊലിപ്പുറം ഉപയോഗിച്ചാണ്. കുട്ടികൾക്കു പലവിധത്തിലുള്ള ത്വഗ്രോഗങ്ങൾ ഉണ്ടാകാറുണ്ട്. തൊലിപ്പുറത്തെ അലർജിയും സാധാരണം.

ചില കുട്ടികൾക്ക് ചില വസ്ത്രങ്ങൾ അലർജിയാണ്. തൊലിപ്പുറം ചൊറിഞ്ഞുപൊട്ടുകയോ തടിച്ചുവീർക്കുകയോ ചെയ്തേക്കാം. അടിവസ്ത്രങ്ങൾ വല്ലാത്ത ബുദ്ധിമുട്ടുകൾ ഉണ്ടാക്കും. ഇൻസെക്ടുകൾ അലർജിയായി വരാറുണ്ട്. ചില കുട്ടികളുടെ കൈകാലുകളും ശരീരവും അകാരണമായി വിയർക്കും. പേന കൈയിൽ പിടിക്കാൻ കഴിയില്ല. എഴുതാൻ പറ്റില്ല. കാൽവെള്ള വിയർക്കുന്നതുകൊണ്ട് ചെരുപ്പിൽ കാൽ തെന്നും. വിയർപ്പുനാറ്റം മൂലം കൂട്ടുകാരുമായി ഇടപഴകാൻ കഴിയില്ല. തൊലിപ്പുറം ചൊറിഞ്ഞുപൊട്ടുന്നതിനാൽ വല്ലാത്ത ദുർഗ്ഗന്ധം. ക്ലാസിൽ ഒറ്റപ്പെടൽ ഉണ്ടാകും. മരുന്നുകൾ കഴിച്ചാലും രോഗം മാറണമെന്നില്ല. അലർജിയുമായി ബന്ധപ്പെട്ടവയാണെങ്കിൽ മനഃശാസ്ത്രപരിചരണത്തിലൂടെ പരിഹാരമുണ്ട്.

**ഒ.സി.ഡി. (Obsessive Compulsive Disorder)**

കുട്ടികൾക്കിടയിലും മുതിർന്നവരിലും കാണപ്പെടുന്ന ഒരു മാനസികപ്രശ്നമാണ് ഒ.സി.ഡി. ആവർത്തനമാണ് പ്രധാന പ്രത്യേകത. ചിന്തിക്കുന്നതുതന്നെ ചിന്തിക്കുന്നു. ചെയ്തതുതന്നെ ചെയ്യുന്നു. നിയന്ത്രിക്കാൻ കഴിയാത്ത ചിന്തകളും പ്രവർത്തനങ്ങളുമാണ് ഈ രോഗാവസ്ഥയുടെ ലക്ഷണം. ഇതു നിസ്സാരമാണെന്നു തോന്നാം. എന്നാൽ ഇതിന്റെ ഗൗരവം ഇതു അനുഭവിക്കുന്നവർക്കുമാത്രമേ അറിയൂ. ഈ രോഗാവസ്ഥ രണ്ടു തരത്തിൽ ഉണ്ടാകുന്നു.

**1. നിയന്ത്രിക്കാൻ കഴിയാത്ത ചിന്തകൾ**

അധ്യാപകർ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ കുട്ടികൾ മറ്റൊരു ലോകത്തായിരിക്കുന്നതു കാണാം. മനോരാജ്യത്തിലാണെന്നു നമുക്കു തോന്നും. അങ്ങനെ ആയിരിക്കണമെന്നില്ല. ചിന്തിക്കുന്നതുതന്നെ ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. ചെറിയ കാര്യങ്ങളായിരിക്കും. പക്ഷേ, ചിന്ത അതിൽനിന്നു വിട്ടുപോരുകയില്ല. ചിന്തിക്കുന്നത് അനാവശ്യമാണെന്നു കുട്ടിക്കറിയാം. പക്ഷേ, നിയന്ത്രിക്കാൻ കഴിയുന്നില്ല. മനസ്സ് പിടിവിട്ടുപോകുന്ന അവസ്ഥ. മനസ്സൊരു മാന്ത്രികക്കുതിരയായി പായുന്നു എന്ന് കാവ്യാത്മകമായി പറയാം. പഠിക്കുമ്പോൾ മാത്രമല്ല, പരീക്ഷ എഴുതുമ്പോഴും ഇതേ അവസ്ഥയായിരിക്കും. ഒരു ഉത്തരമെങ്ങാനും തെറ്റിപ്പോയാൽ പിന്നെ അതുമാത്രമായിരിക്കും ചിന്ത. മറ്റുത്തരങ്ങൾ എഴുതാൻ കഴിഞ്ഞെന്നു വരില്ല. വീട്ടിൽ ചെന്നാൽ വല്ലാത്ത കരച്ചിലും ബഹളവും. സമാശ്വാസവാക്കുകൾ ഒന്നും വിലപ്പോകില്ല. സൈക്കോളജിസ്റ്റിന്റെ പരിചരണം ഇത്തരക്കാർക്ക് ആവശ്യമുണ്ട്.

**2. നിയന്ത്രിക്കാൻ കഴിയാത്ത പ്രവൃത്തികൾ**

ചില കുട്ടികൾ തുടർച്ചയായി കൈ കഴുകുന്നതു കാണാറില്ലേ? പൈപ്പിലെ വെള്ളം തീരുന്നതാണു കണക്ക്. കുളിക്കാൻ കയറിയാലും ഇതുതന്നെ അവസ്ഥ. അരമണിക്കൂറും ഒരു മണിക്കൂറും കഴിഞ്ഞാലും കുളി തീരില്ല. ഏതു കാര്യത്തിനും ഈ പ്രത്യേകതകൾ കാണും. ചെയ്യുന്നതുതന്നെ ചെയ്തുകൊണ്ടിരിക്കുക. മറ്റൊരു പ്രത്യേകതകൂടി സർവസാധാരണമാണ്. ചെയ്യുന്ന പ്രവൃത്തി എന്തുമാകട്ടെ, അതിന് ഒരു നമ്പർ കാണും. ഏഴു തവണ, ഒൻപതു തവണ, പതിനൊന്നു തവണ എന്നിങ്ങനെ. സാധാരണമായി ഒറ്റസംഖ്യകളാണ് ഇതിനുള്ളത്. അല്ലാതെ തൃപ്തി വരില്ല. ഉദാഹരണമായി തുപ്പുക. ചിലർക്കു പതിമ്മൂന്നു തവണ തുപ്പിയാലേ തൃപ്തി വരൂ. എണ്ണം എങ്ങാനും ഒന്നു തെറ്റിയാലോ! വീണ്ടും ഒന്നിൽത്തന്നെ തുടങ്ങണം. രോഗത്തിന്റെ തുടക്കത്തിൽത്തന്നെ സൈക്കോളജിസ്റ്റിന്റെ പരിചരണം ആവശ്യമുണ്ട്.

ശാരീരികരോഗങ്ങൾ നമുക്കു മനസ്സിലാകും. എന്നാൽ, മാനസികപ്രശ്നങ്ങൾ അത്രതന്നെ മനസ്സിലാകണമെന്നില്ല. മനസ്സിലായാലും അതിനുള്ള ചികിത്സകൾക്ക് സാധാരണ ആളുകൾ തയ്യാറല്ലതാനും. ഇത് കുട്ടികളുടെ ഭാവിജീവിതം പ്രശ്നകലുഷിതമാക്കുന്നു.

■



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

# പൗരത്വഭേദഗതിനിയമത്തിനു പിന്നിൽ


2024 മാർച്ച് 11-ാം തീയതി പൗരത്വഭേദഗതിനിയമം (സി.എ.എ. - സിറ്റിസൺ അമൻഡ്മെന്റ് ആക്ട്) നിലവിൽവന്നു. അതു നിയമമാക്കിയപ്പോൾ ഉണ്ടായത്ര രൂക്ഷമായ പ്രതികരണം നിയമം നടപ്പിലായ ദിവസം ഒരിടത്തും ഉണ്ടായിക്കണ്ടില്ല. പൗരത്വഭേദഗതിനിയമം പുതിയതല്ല. അതു 2019 ൽ പാർലമെന്റിൽ പാസാക്കിയതാണ്. നടപ്പിലാക്കുന്നതു സംബന്ധിച്ചു വിജ്ഞാപനം പുറപ്പെടുവിക്കാൻ അഞ്ചുവർഷം കാലതാമസമുണ്ടായി എന്നതാണു വസ്തുത.

പാർലമെന്റിന്റെ ഇരുസഭകളും പാസാക്കിയിട്ടും അഞ്ചുവർഷക്കാലം കാണാമറയത്തിരുന്ന പൗരത്വഭേദഗതിനിയമം ഇപ്പോൾ എന്തുകൊണ്ട് തിടുക്കത്തിൽ പ്രാബല്യത്തിലാക്കി എന്ന ചോദ്യത്തിനുത്തരം പകൽപോലെ വ്യക്തമാണ്. ഒരാഴ്ചയ്ക്കുള്ളിൽ പ്രഖ്യാപിക്കാൻ പോകുന്ന 2024 ലെ പൊതുതിരഞ്ഞെടുപ്പ്. 2014 ലെ പൊതുതിരഞ്ഞെടുപ്പിൽ ബിജെപിയുടെ നയരേഖയിൽ മൂന്നു വാഗ്ദാനങ്ങൾ നൽകിയിരുന്നു.

1. ജമ്മുകാഷ്മീരിന്റെ പ്രത്യേകപദവി എടുത്തുകളയും. 2. അയോധ്യയിൽ രാമക്ഷേത്രം പണിയും 3. പൗരത്വഭേദഗതി നിയമം നടപ്പാക്കും.

നൽകിയ മൂന്നു വാഗ്ദാനങ്ങളും സർക്കാർ പൂർത്തിയാക്കിയിരിക്കുന്നു. അടുത്ത ഊഴം ഞങ്ങളെ വിശ്വസിച്ച് ഏല്പിക്കൂ എന്നതാണ് ഈ നിയമം നൽകുന്ന സന്ദേശം.

വേറേയും ചില കാരണങ്ങൾ രാഷ്ട്രീയനിരീക്ഷകർ ചൂണ്ടിക്കാട്ടുന്നുണ്ട്. ഇലക്ടറൽ ബോണ്ട് വിഷയത്തിൽ കേന്ദ്രസർക്കാരിനു സുപ്രീം കോടതിയിൽനിന്നു കനത്ത തിരിച്ചടി ലഭിച്ചത് മാർച്ച് 11 നാണ്. അതേദിവസം തന്നെയാണ് കേന്ദ്രതിരഞ്ഞെടുപ്പു കമ്മീഷണർ അരുൺ ഗോയലിന്റെ രാജിവാർത്ത മാധ്യമങ്ങളിൽ പ്രചരിച്ചത്. ഈ രണ്ടു വിഷയങ്ങളിൽനിന്നും മാധ്യമശ്രദ്ധ തിരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പൗരത്വഭേദഗതിനിയമം നടപ്പാക്കാനുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചതെന്നാണ് പ്രതിപക്ഷത്തിന്റെ വ്യാഖ്യാനം.




ബിജെപി 2019 ലെ പ്രകടനപത്രികയിൽ നൽകിയ മൂന്നു വാഗ്ദാനങ്ങളും നിറവേറ്റിയെന്ന് അവകാശപ്പെടുമ്പോഴും അവ മൂന്നും വിവാദപരമായിരുന്നു എന്നതാണു സത്യം. ഇന്ത്യയ്ക്കും പാക്കിസ്ഥാനും ചൈനയ്ക്കും ഒരുപോലെ പ്രധാനപ്പെട്ട പ്രദേശമാണ് ജമ്മുകാഷ്മീർ. 1949 ഒക്ടോബറിൽ ജമ്മുകാഷ്മീരിന് ഭരണഘടനയുടെ 370-ാം അനുച്ഛേദപ്രകാരം പ്രത്യേകപദവി കൈവന്നു. അതായത്, മറ്റു സംസ്ഥാനങ്ങളിൽനിന്നു വ്യത്യസ്തമായി സാമ്പത്തികനയം, പ്രതിരോധം, വിദേശകാര്യം, ആശയവിനിമയസങ്കേതങ്ങൾ എന്നിവ ഒഴിച്ചുള്ള മറ്റു മേഖലകളിൽ സ്വയംഭരണാവകാശം അനുവദിക്കുന്നതാണ് ജമ്മുകാഷ്മീരിന്റെ പ്രത്യേക പദവി. 2019 ഓഗസ്റ്റ് അഞ്ചാം തീയതി ബിജെപിസർക്കാർ ജമ്മുകാഷ്മീരിന്റെ പ്രത്യേകാവകാശങ്ങൾ എടുത്തുമാറ്റി. ബാബറി മസ്ജിദ് പൊളിച്ചുനീക്കിയ സ്ഥലത്ത് രാമക്ഷേത്രം സ്ഥാപിച്ച് പ്രാണപ്രതിഷ്ഠ നടത്തി എന്നതാണ് രണ്ടാമത്തെ കാര്യം. പൗരത്വഭേദഗതി ബില്ലാണ് മൂന്നാമത്തേത്.

എന്തുകൊണ്ടാണ് പൗരത്വഭേദഗതിനിയമം വിവാദമാകുന്നത്? നിയമത്തിന് അനുകൂലമായും പ്രതികൂലമായും വാദങ്ങളുണ്ട്. നിയമത്തെ അനുകൂലിക്കുന്നവർ പറയുന്നത്, ഇത് ഇന്ത്യൻ പൗരന്മാരെ ഒരു തരത്തിലും ബാധിക്കുന്നില്ല എന്നാണ്. രണ്ടാമത്തെ കാര്യം, ഇത് ആർക്കും എതിരേയുള്ള നിയമമല്ല എന്നതാണ്. ഇതു മതത്തിന്റെ പേരിൽ പൗരന്മാരെ വിഭജിക്കുന്ന നിയമമല്ല. കാരണം, ന്യൂനപക്ഷങ്ങളായ ബുദ്ധ, ജൈന, പാഴ്സി, സിക്ക്, ക്രൈസ്തവവിഭാഗങ്ങൾക്ക് ഇന്ത്യൻപൗരത്വം ഉറപ്പാക്കുന്ന നിയമമാണിത്.

ഇന്ത്യയുടെ അയൽരാജ്യങ്ങളായ പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ അവിടെ മതന്യൂനപക്ഷങ്ങളായ ഹൈന്ദവർ, ക്രിസ്ത്യാനികൾ, ബുദ്ധമതക്കാർ, ജൈനർ, പാഴ്സികൾ തുടങ്ങിയവർ മതമർദനത്തിന്റെ പേരിലോ വിശ്വാസജീവിതത്തിനും പൊതുജീവിതത്തിനും ഭീഷണി അനുഭവപ്പെട്ടതിന്റെ അടിസ്ഥാനത്തിലോ ഇന്ത്യയിലേക്കു പലായനം ചെയ്യുകയോ കുടിയേറുകയോ അഭയാർഥികളായി എത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ളവർക്ക് ഇന്ത്യൻപൗരത്വം നൽകുന്നതിനുള്ള ക്രമീകരണമാണ് പൗരത്വഭേദഗതിനിയമം. പൗരത്വം ലഭിക്കുന്നതിനു കുറഞ്ഞത് അഞ്ചുവർഷത്തെ സ്ഥിരതാമസക്കാരായിരിക്കണം. അതുപോലെ തന്നെ, 2014 ഡിസംബർ 31 നു മുമ്പ് ഇന്ത്യയിൽ സ്ഥിരതാമസമാക്കിയവരുമായിരിക്കണം.

ഈ നിയമത്തെ എതിർക്കുന്നത് പ്രധാനമായും മുസ്ലീം സഹോദരങ്ങളും ബിജെപിവിരുദ്ധകക്ഷികളുമാണ്. കോൺഗ്രസും ഇടതുപക്ഷപ്രസ്ഥാനങ്ങളും പ്രത്യക്ഷസമരങ്ങളിൽ ഇടപെടാതിരിക്കുന്നതു ഹൈന്ദവവോട്ടുകൾ നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടിയാണെന്നു വ്യക്തം. മതത്തിന്റെ പേരിൽ പൗരത്വം നിശ്ചയിക്കുന്നത് ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിനെതിരാണെന്നതാണ് പൗരത്വഭേദഗതിനിയമത്തിനെതിരായ പ്രധാന ആക്ഷേപം. ഇതു മുസ്ലീം വിരുദ്ധനിയമമാണെന്ന വിമർശനവുമുണ്ട്. ഇന്ത്യയുടെ മതനിരപേക്ഷസംസ്കാരത്തിനെതിരാണ് ഈ നിയമമെന്ന വിശ്വാസം ശക്തമാണ്.

■

---

## മിഠായി

ബാലനോവൽ 5

രാമപുരം മണി

**വ**ലിയൊരു കമ്പനിയിലെ ജനറൽ മാനേജരായിരുന്നു ഗോപിനാഥൻസാറ്. റിട്ടയർ ചെയ്തിട്ട് ആറുവർഷം കഴിഞ്ഞു. ഭാര്യ പങ്കജവല്ലി റിട്ട. പോസ്റ്റുമാസ്റ്ററാണ്. അവർക്ക് ഒരേയൊരു മകൾ സുപ്രിയ. അവൾ ഭർത്താവു സുദേവന്റെകൂടെ വിദേശത്താണ്. സുദേവനും സുപ്രിയയ്ക്കും ഒറ്റ മകൾ വൈദേഹി. അഞ്ചാംതരത്തിൽ പഠിക്കുന്നു.

''ചേട്ടാ എണീക്കുന്നില്ലേ. നേരം വെളുത്തു. നടക്കാൻ പോകണ്ടേ. കൂട്ടുകാരൊക്കെ കാത്തുനിൽക്കും എണീക്ക്...'' പങ്കജവല്ലി ഭർത്താവിനെ പിടിച്ചെണീൽപ്പിക്കാൻ നോക്കി. പറ്റുന്നില്ല. അദ്ദേഹം തടിയനല്ലേ... താനൊരു മെലിഞ്ഞ സ്ത്രീയും. പങ്കജവല്ലി ഓർത്തു.

''എടീ ഇന്നിനി നടക്കാനൊന്നും പോകുന്നില്ല. വല്ലാത്ത ക്ഷീണം.'' ഗോപിനാഥൻസാറ് അലസനായി പറഞ്ഞു.

"പറ്റില്ല... പറ്റില്ല. നടന്നേ തീരൂ. ഒന്നിങ്ങെണീക്കെന്റെ ഗോപേട്ടാ..." പങ്കജവല്ലിയുടെ സ്നേഹമസൃണമായ ആ വിളി... അദ്ദേഹം കിടക്കവിട്ടെണീറ്റു. ബാത്ത്റൂമിൽപ്പോയി തിരിച്ചുവന്നു. പാന്റും ടീഷർട്ടും ധരിച്ചു വേഗം ഇറങ്ങി.

''ഇന്നും അവർക്കൊപ്പമെത്താൻ ഓടേണ്ടിവരും.'' പങ്കജവല്ലി ചിരിച്ചു.

'നീ കൂടി വാടീ പങ്കജം എനിക്കൊരു കൂട്ടിന്."

"ഇല്ല. എനിക്കു പൊണ്ണത്തടിയൊന്നുമില്ലല്ലോ."

ഗോപിനാഥൻ നടന്നു റോഡിലെത്തിയപ്പോൾ അദ്ദേഹം കണ്ടു അതാ തന്റെ കൂട്ടുകാർ ശിവശങ്കരൻസാറും മറ്റും നടക്കുന്നു. തനിക്കത്ര ചുണയായി നടക്കാൻ വയ്യ.

"ശിവശങ്കരൻസാറേ നിക്ക്. ഞാൻ പുറകേയുണ്ട്." ഗോപിനാഥൻ കിതച്ചുകൊണ്ട് വിളിച്ചു പറഞ്ഞു. അവർ നിന്നു. ഗോപിസാറ് വേഗം നടന്ന് അവർക്കൊപ്പമെത്തി.

"ഇന്നു താൻ താമസിച്ചു."

"സോറി ശിവശങ്കരാ സോറി. നാളെ മുതൽ ഞാൻ കൃത്യസമയത്തെത്തിക്കൊള്ളാം."

"ശരി ശരി വാ..."

ശിവശങ്കരൻസാറും വാരിജാക്ഷൻസാറും തടിയൻ ഗോപിനാഥൻസാറും ഒന്നിച്ചു കൈവീശി നടന്നു.

**  **  **

ഇന്നു ഗോപിനാഥൻസാറിനു വലിയ കിതപ്പൊന്നും തോന്നിയില്ല. മൊത്തം ശരീരത്തിനൊരയവ്... ഒരു സുഖം... രാവിലത്തെ ഇളംകാറ്റും തണുപ്പും പ്രകൃതിയുടെ തലോടലും ആരോഗ്യത്തിനു നല്ലതാണ്. തന്റെ ആരോഗ്യകാര്യങ്ങളിൽ പങ്കജവല്ലി എത്ര ശ്രദ്ധിക്കുന്നു! സ്നേഹമുള്ളവളാണവൾ. ആ ഗോപേട്ടാ എന്നുള്ള വിളി... എന്നും അതു കേൾക്കുന്നതൊരു സുഖമാണ്. തന്റെ മകൾ സുപ്രിയ ചിലപ്പോൾ സുദേവനെ കളിയാക്കാറുണ്ട്: ദേ കണ്ടു പഠിക്ക് എന്റച്ഛനോട് അമ്മയ്ക്കെന്തു സ്നേഹമാണെന്ന്.

മകളുടെ സംസാരം കേട്ട് പങ്കജവല്ലി ഒരു മുഴം പൊങ്ങും.

മകളെ കാണാൻ കൊതിയാവുന്നു. അവൾ വന്നു



പോയിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുന്നു. തന്റെ പേരക്കുട്ടി വൈദേഹി ഒരു കാന്താരിക്കുട്ടിയാണ്. അപ്പൂപ്പാന്നു വിളിച്ചാൽ കേൾക്കാനെന്തു സുഖം...!

ഗോപിസാർ ഓരോന്നോർത്തിരുന്നു.

"എന്താ ചിന്തിക്കുന്നെ?" പങ്കജവല്ലി അടുത്തുവന്നു ചോദിച്ചു.

"മോളുടെ കാര്യം ഓർക്കുകയായിരുന്നെടീ."

"അതു ശരി. അവളിടയ്ക്കിടെ വിളിക്കാറില്ലേ പിന്നെന്താ?"

"എങ്കിലും അവളെ കാണാനൊരു കൊതി."

"ങാ... ഉടനെ അവൾ വരും. വാ കാപ്പി കുടിക്കാം. മണി ഒൻപതര ആയില്ലേ." ഗോപിനാഥൻ എണീറ്റുപോയി തീൻമേശയ്ക്കരികെ ഇരുന്നു. നല്ല മൊരിഞ്ഞ ദോശ. തേങ്ങാ ചട്ണി. അയാൾ വേഗം കാപ്പി കുടിച്ചെണീറ്റു കൈകഴുകി. സിറ്റൗട്ടിൽ ചെന്നിരുന്ന് പത്രം വിശദമായി വായിച്ചു.

ഫോൺ റിങ് ചെയ്യുന്ന ശബ്ദം. ഗോപിസാർ അകത്തു ചെന്ന് ഫോണെടുത്തു: "അച്ഛാ" മോളാണ്.

''ഹലോ മോളേ, ഇന്നോഫീസിൽപ്പോയില്ലേ?"

"ഇന്നെനിക്കവധിയാണച്ഛാ. മോൾ സ്കൂളിൽപ്പോയി. സുദേവൻ ജോലിക്കു പോയി. തനിയെ ഇരുന്നപ്പോൾ അച്ഛനെ ഒന്നു വിളിക്കാമെന്നു കരുതി."

''നന്നായി. ഞാനിപ്പോൾ അമ്മയോടു നിന്റെ കാര്യം പറഞ്ഞതേയുള്ളൂ."

"ഉവ്വോ. അമ്മയെവിടെ?"

"പച്ചക്കറിത്തോട്ടത്തിലുണ്ടാവും."

"എന്നാ ഇന്നച്ഛനു വഴുതനങ്ങാത്തോരനായിരിക്കും."

"തീർച്ച." ഗോപിനാഥൻ തുടർന്നു.

''ഇന്നു വഴുതനങ്ങ. നാളെ വെണ്ടയ്ക്കാ മെഴുക്കുപുരട്ടി."

"അച്ഛന്റെ ഭാഗ്യം. നല്ല പച്ചക്കറി കഴിക്കാമല്ലോ." സുപ്രിയ ഫോണിലൂടെ പറഞ്ഞു.

''പിന്നെ എന്തുണ്ടച്ഛാ വിശേഷങ്ങൾ. പ്രഭാതനടത്തം ഇപ്പോഴുമുണ്ടോ?"

"ഉണ്ടു മോളെ. അതു നിർത്തരുതെന്നാ ഡോക്ടറുടെ കല്പന. ഷുഗർ അല്പം കൂടുതലല്ലേ. മരുന്നും വ്യായാമവും ചിട്ടയായ ഭക്ഷണവുമൊക്കെയായി ഷുഗർ അല്പം കുറയ്ക്കണം."

"ശരിയച്ഛാ. അമ്മയെ ഞാൻ വൈകിട്ടു വിളിച്ചോളാം."

"ഓക്കെ മോളേ." ഗോപിനാഥൻ ഫോൺ വച്ചു.

*(തുടരും)*

## അറുന്നൂറ്റിമംഗലം സെന്റ് തോമസ് പള്ളിയിൽ

# നാല്പതാം വെള്ളിയാചരണവും കുരിശുമലകയറ്റവും

### 2024 മാർച്ച് 22 വെള്ളി





ഫാ. അഗസ്റ്റിൻ വരിക്കമാക്കൽ (വികാരി)

അമ്പതുനോമ്പിനോടനുബന്ധിച്ച് അറുന്നൂറ്റിമംഗലം സെന്റ് തോമസ് പള്ളിയിൽ ആണ്ടുതോറും നടത്തിവരുന്ന നാല്പതാം വെള്ളിയാചരണവും കുരിശുമലകയറ്റവും ഈ വർഷവും ഭക്ത്യാദരപൂർവം ആഘോഷിക്കുന്നു.

നോമ്പുകാലത്ത് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കേരളത്തിനു വെളിയിൽ നിന്നുമായി പതിനായിരങ്ങളാണ് പശ്ചാത്താപത്തിന്റെയും പ്രാർഥനയുടെയും അരൂപിയിൽ ഈ തീർഥാടനകേന്ദ്രത്തിലെത്തി അനുഗ്രഹങ്ങൾ പ്രാപിച്ചുമടങ്ങുന്നത്. വ്യാഴം, വെള്ളി ദിവസങ്ങളിൽ മലയടിവാരംമുതൽ മലമുകൾവരെ കുരിശിന്റെ വഴി ചൊല്ലി പ്രാർഥനാഗാനാലാപനത്തോടെ തീർഥാടകസംഘങ്ങൾ മല കയറുന്നു. മല നീന്തിക്കയറുന്നവരും കല്ലു ചുമന്നുകൊണ്ടു മല കയറുന്നവരും ഉരുളുനേർച്ച നടത്തുന്നവരും നോമ്പുനോറ്റു കാൽനടയായിവന്നു മല കയറുന്നവരും ധാരാളം.

നാല്പതാംവെള്ളിയാഴ്ചയുടെ തലേദിവസംമുതൽ ഇവിടെ മലകയറ്റം ആരംഭിക്കുന്നു. വിശുദ്ധ കുരിശിന്റെ തിരുശ്ശേഷിപ്പ് വ്യാഴാഴ്ച രാവിലെ ആഘോഷമായി പള്ളിയിൽനിന്നു മലമുകളിലെത്തിച്ചു പ്രതിഷ്ഠിക്കുന്നതോടെയാണ് തിരുക്കർമങ്ങളുടെ ആരംഭം. തുടർന്നു മുടങ്ങാതെ മലമുകളിലും താഴത്തെ പള്ളിയിലും ദിവ്യബലി ഉണ്ടായിരിക്കും. ഈ തീർഥാടനകേന്ദ്രത്തിൽനിന്ന് ഉദ്ദിഷ്ടകാര്യങ്ങൾ ലഭിച്ചവർ, അദ്ഭുതരോഗശാന്തി ലഭിച്ചവർ, അസാധ്യകാര്യങ്ങൾ നേടിയവർ തുടങ്ങിയവരുടെ നിരവധി അനുഭവങ്ങൾ പള്ളിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

#### കുരിശുമലകയറ്റത്തിന്റെ ആരംഭം

1920 ൽ ബഹുമാനപ്പെട്ട ചേമ്പാലയിൽ മത്തായി കത്തനാർ വികാരിയായിരുന്ന കാലത്താണ് അറുന്നൂറ്റിമംഗലം കുരിശുമലകയറ്റത്തിന്റെ ആരംഭം. ഒരു ദിവസം മത്തായിയച്ചൻ മലമുകളിലൂടെ നടന്നുവരുമ്പോൾ ഒരു അശരീരി കേൾക്കാനിടയായത്രേ. അതിപ്രകാരമായിരുന്നു: "നാല്പതാം വെള്ളിയാഴ്ച ദിവസം മലമുകളിൽ കുരിശു സ്ഥാപിച്ച് എല്ലാ വർഷവും മലകയറ്റം നടത്തണം." അതേത്തുടർന്ന്, അക്കൊല്ലം നാല്പതാം വെള്ളിയാഴ്ചദിവസം ഒരു വലിയ മരക്കുരിശും തോളിലേന്തി കുരിശിന്റെ വഴിയിലൂടെ, പ്രാർഥനാമന്ത്രങ്ങളുമായി സ്വന്തം ഇടവകാംഗങ്ങളോടൊപ്പം മലയടിവാരത്തുനിന്നു മലമുകളിലേക്കു ബഹുമാനപ്പെട്ട മത്തായിയച്ചൻ നടന്നുകയറി. അവിടെ പ്രത്യേകം തയ്യാറാക്കിയ പീഠത്തിൽ മരക്കുരിശു സ്ഥാപിക്കുകയും ചെയ്തു. ഇതായിരുന്നു ആദ്യത്തെ മലകയറ്റം. ഇതിനുശേഷം നോമ്പുകാലത്ത് ഒരു ഭക്താനുഷ്ഠാനമെന്ന നിലയിൽ പള്ളിയുടെ അടിവാരത്തുനിന്നു മലമുകളിലേക്ക് 'കുരിശിന്റെ വഴി' നടത്തുക പതിവായിത്തീർന്നു. പള്ളിയുടെ പിന്നിലായി ഉയർന്നുവിരാജിക്കുന്ന, പ്രകൃതിസൗന്ദര്യംനിറഞ്ഞ ഈ മലമുകളിലെ ആത്മീയചൈതന്യം നിറഞ്ഞ അന്തരീക്ഷം ഇപ്രകാരമൊരു ഭക്തകർമാനുഷ്ഠാനത്തിന് മത്തായിയച്ചനെ പ്രേരിപ്പിച്ചിരിക്കാമെന്നഭിപ്രായപ്പെടുന്നവരുണ്ട്.

അദ്ഭുതമെന്നുപറയട്ടെ, അറുന്നൂറ്റിമംഗലം പള്ളി താമസിയാതെ ഒരു തീർഥാടനകേന്ദ്രമായി മാറുകയായിരുന്നു. നിരവധിയായ അനുഗ്രഹങ്ങളുടെയും അദ്ഭുതരോഗശാന്തികളുടെയും മായം ചേർക്കാത്ത അനുഭവസാക്ഷ്യങ്ങൾ ഭക്തജനങ്ങളെ ഇവിടേക്കു കൂടുതൽ ആകർഷിച്ചു. സനാതനമായ ദൈവികജീവന്റെ നീരുറവ ഒരിക്കലും വറ്റാത്തവിധം പ്രവഹിക്കുന്ന ഒരു പുണ്യസ്രോതസ്സായി കുരിശുമല മാറി.

#### മല ചവിട്ടാൻ വളർത്തുമൃഗങ്ങളും

1930 മുതലാണ് വളർത്തുമൃഗങ്ങളെ മലകയറ്റാൻ തുടങ്ങിയത്. അന്നു വികാരിയായിരുന്ന ബഹുമാനപ്പെട്ട മത്തായി വട്ടംകണ്ടത്തിലച്ചന് രണ്ടു വണ്ടിക്കാളകളുണ്ടായിരുന്നു. ഇവയ്ക്കു രണ്ടിനും മാരകമായ രോഗം ബാധിക്കുകയും രക്ഷപ്പെടുകയില്ലെന്നു വൈദ്യന്മാർ വിധിക്കുകയും ചെയ്തു. അച്ചൻ പ്രാർഥനയോടെ ഈ വണ്ടിക്കാളകളെ മലകയറ്റി. അദ്ഭുതരോഗശാന്തിയായിരുന്നു ഫലം. വാർത്ത നാടെങ്ങും പരന്നു. താമസിയാതെ ഭക്തജനങ്ങൾ വളർത്തുമൃഗങ്ങളെ മലകയറ്റാൻ തുടങ്ങി. രോഗശാന്തിനേടിയ വളർത്തുമൃഗങ്ങളുടെ എണ്ണം വർധിച്ചുവന്നു.

അറുന്നൂറ്റിമംഗലത്തിനടുത്തുള്ള മുളക്കുളം സ്വദേശിയുടെ ആനയ്ക്കു മാരകമായ രോഗം ബാധിച്ചു. ആനയുടെ രോഗം മാരകമാണെന്നും രക്ഷപ്പെടുകയില്ലെന്നുമായിരുന്നു ഡോക്ടർമാർ വിധിച്ചത്. ആനയുടെ ഉടമസ്ഥൻ ഉള്ളുരുകി പ്രാർഥിക്കുകയും ആനയെ മല കയറ്റാമെന്നു നേർച്ച നേരുകയും മല കയറ്റുകയും ചെയ്തു. ആനയ്ക്ക് അദ്ഭുതരോഗശാന്തിയുണ്ടായി.

ആനയുടെ ഉടമസ്ഥൻ വർഷന്തോറും തുടർച്ചയായി ആനയെ മല കയറ്റി. ഇന്നും അനേകർ രോഗശാന്തിതേടി തങ്ങളുടെ അരുമകളായ വളർത്തുമൃഗങ്ങളെ മല കയറ്റുന്നു.

▶ 8



കുരിശിന്റെ വഴിയിലൂടെ... പീഡാനുഭവസ്മരണ പുതുക്കി മല കയറുന്ന വിശ്വാസികൾ

# മഹിമപ്രതാപങ്ങളുടെ

കേരളത്തിലെ പ്രസിദ്ധിയാർജിച്ച തീർഥാടനകേന്ദ്രങ്ങളിലൊന്നാണ് അറുന്നൂറ്റിമംഗലം ദൈവാലയം. ശതാബ്ദി പിന്നിട്ട ഈ ദൈവാലയത്തിന്റെ മഹിമ പ്രതാപങ്ങളുടെയെല്ലാം സുപ്രധാനകേന്ദ്രമായി ഇവിടുത്തെ ചരിത്രപ്രസിദ്ധമായ കുരിശുമലയും ഭക്താനുഷ്ഠാനങ്ങളും നിലകൊള്ളുന്നു.

**പ്രഥമ ദൈവാലയം**

പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു പല ഘട്ടങ്ങളിലായി കുടിയേറിപ്പാർത്തവരുടെ പിൻതലമുറക്കാരാണ് അറുന്നൂറ്റിമംഗലത്തെ ഇന്നുള്ള ഇടവകക്കാർ. അവർ പ്രധാനമായും പാലാ, മരങ്ങാട്ടുപിള്ളി, കളത്തൂർ, മുളക്കുളം, മുളന്തുരുത്തി, മുട്ടുചിറ, കുറവിലങ്ങാട് എന്നീ സ്ഥലങ്ങളിൽനിന്നുള്ളവരായിരുന്നുവെന്നു ചരിത്രം പറയുന്നു. ശരിയായ നടപ്പാതപോലുമില്ലാതിരുന്ന അക്കാലത്ത്, പ്രദേശവാസികളായിട്ടുള്ളവർക്ക് അവരുടെ ആധ്യാത്മികാവശ്യങ്ങൾ നിർവഹിക്കുന്നതിനായി കടുത്തുരുത്തിയിൽ പോകേണ്ടിയിരുന്നു. ക്ലേശകരമായ ഈ യാത്ര തങ്ങളുടെ ദേശത്ത് എങ്ങനെയും ഒരു ദൈവാലയം സ്ഥാപിക്കുന്നതിലേക്ക് അവരെ നിർബദ്ധരാക്കി. ഈ കാലഘട്ടത്തിൽ ധാരാളം ക്നാനായക്കാരും ഈ പ്രദേശത്തു കുടിയേറിപ്പാർത്തിരുന്നു. ഇപ്പോഴത്തെ സെന്റ് ജോസഫ് പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലം, ദൈവാലയത്തിനനുയോജ്യമാണെന്നു കണ്ടെത്തി ചാക്കപ്പള്ളി അവിരാ എഴുപതു സെന്റു സ്ഥലം സൗജന്യമായി നല്കുകയായിരുന്നു. ജനങ്ങളുടെ കൂട്ടായ ശ്രമത്തിന്റെ ഫലമായി പള്ളിപണി പൂർത്തിയാവുകയും അന്നത്തെ വികാരി അപ്പസ്തോലിക്കാ ആയിരുന്ന മാർ മാത്യു മാക്കീൽപ്പിതാവിന്റെ കാലത്തു കൂദാശ ചെയ്യുകയും ചെയ്തു.

**രണ്ടാമത്തെ ദൈവാലയം**

അക്കാലങ്ങളിൽ കേരളത്തിലെ ക്നാനായക്കാർ അവരുടെ വംശശുദ്ധിയും വർഗത്തനിമയും സാംസ്കാരികപൈതൃകവും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിക്കുന്നതിനും നിലനിറുത്തുന്നതിനുമായി ഒരു പ്രത്യേക രൂപതയും ദൈവാലയവും ആവശ്യപ്പെട്ടുകൊണ്ട് അഭിവന്ദ്യ മാർ ലവീഞ്ഞുമെത്രാൻമുഖേന റോമിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അങ്ങനെ 1911 ഓഗസ്റ്റ് 29-ാം തീയതി 'Universe Christianie' എന്ന തിരുവെഴുത്തുവഴി വിശുദ്ധ പത്താം പീയൂസ് മാർപാപ്പാ ചങ്ങനാശേരി വികാരിയാത്തു വിഭജിക്കുകയും ചങ്ങനാശേരി, കോട്ടയം എന്നീ വികാരിയാത്തുകൾ നിലവിൽവരുകയും ചെയ്തു. വിഭജനത്തിന്റെ ഫലമായി അറുന്നൂറ്റിമംഗലം സെന്റ് ജോസഫ്സ് ദൈവാലയം കോട്ടയം രൂപതയുടെ ഭാഗമായി. അതോടെ, വീണ്ടും ഒരു ദൈവാലയം എന്ന ആശയം രൂഢമൂലമായി. ഈ ഇടവകയിലെ പ്രഥമവൈദികനായ ചെറുവേലിലായ നെടുങ്ങോട്ടിൽ ബഹുമാനപ്പെട്ട ഗീവറുഗീസ് കത്തനാരുടെ നേതൃത്വത്തിൽ ഇടവകാംഗങ്ങളുടെ പ്രതിനിധികൾ ചങ്ങനാശേരി രൂപതാധ്യക്ഷനെ സന്ദർശിക്കുകയും തങ്ങളുടെ ആഗ്രഹം അറിയിക്കുകയും ചെയ്തു. പുതിയ ദൈവാലയത്തിനനുയോജ്യമായ സ്ഥലം കണ്ടെത്താനും പൊതുയോഗം വിളിച്ചുകൂട്ടി തുടർനടപടികൾ സ്വീകരിക്കാനും പിതാവു കല്പനയായി.

1912 ഫെബ്രുവരി 26 ന് ബഹുമാനപ്പെട്ട ഗീവറുഗീസച്ചന്റെ നേതൃത്വത്തിൽ ഒരു ആലോചനായോഗം കൂടുകയും നിർമാണക്കമ്മിറ്റി മാനേജർമാരായി ചാക്കപ്പള്ളിൽ കുരുവിള അവിരാ, മേച്ചേരിൽ മാത്യു മാത്യു, നെടുങ്ങോട്ടിലായ ആറാക്കപ്പടവിൽ ഔസേപ്പ് അവിരാ, നെടുങ്ങോട്ടിൽ മാണി മത്തായി, പെരുമാലിൽ വർക്കി തൊമ്മി, പാറപ്പുറത്തു ലൂക്കാ മത്തായി എന്നിവരെ തിരഞ്ഞെടുക്കുകയും ചെയ്തു. താമസിയാതെ, ഇപ്പോൾ പള്ളി സ്ഥിതിചെയ്യുന്ന തൂമ്പുങ്കൽപുരയിടം അനുയോജ്യമായ സ്ഥലമായി നിർമാണക്കമ്മിറ്റി കണ്ടെത്തി.

പുളിക്കപ്പറമ്പിൽ എന്ന പുരാതന ഈഴവകുടുംബക്കാരുടെ വകയായിരുന്ന പ്രസ്തുത സ്ഥലം നാല് അവകാശികളുടേതായിരുന്നു. അതിൽ ഒരു അവകാശിയായിരുന്ന പുളിക്കപ്പറമ്പിൽ കുഞ്ഞുകുഞ്ഞ് തന്റെ സ്ഥലം

▶ 9



മലമുകളിലെ കപ്പേള

## നാല്പതാംവെള്ളിയാചരണവും കുരിശുമലകയറ്റവും

ഏഴാം പേജ് തുടർച്ച

**മലമുകളിലെ കപ്പേള**

1953 ൽ മലമുകളിലെ കപ്പേളയുടെ നിർമാണം പൂർത്തിയായി. ഈയവസരത്തിൽ റോമിൽനിന്നു വിശുദ്ധകുരിശിന്റെ തിരുശ്ശേഷിപ്പു പള്ളിയിലേക്കു ലഭിക്കുകയും എല്ലാ നാല്പതാംവെള്ളിയാഴ്ചയുടെയും തലേദിവസം വ്യാഴാഴ്ച പരസ്യവണക്കത്തിനായി മലമുകളിലെ കപ്പേളയിൽ തിരുശ്ശേഷിപ്പ് പ്രതിഷ്ഠിക്കുകയും ചെയ്തുവരുന്നു.

1972 ൽ മലമുകളിലെ കപ്പേള പുതുക്കിപ്പണിതു. ഇതോടൊപ്പം കുരിശിന്റെ വഴിയിലെ 14 സ്തംഭങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ഫാദർ ജോർജ് നെടുങ്ങോട്ടിൽ വികാരിയായിരിക്കുമ്പോഴായിരുന്നു ഈ നിർമാണങ്ങൾ.

മലമുകൾവികസനത്തിനായി കെ. എം. മാത്യു കരികുളം, എൻ.ഇ. മാത്യു നെടുങ്ങോട്ടിൽ എന്നിവർ സഹായസഹകരണങ്ങളും സംഭാവനകളും നല്കിയിട്ടുണ്ട്. അതുപോലെതന്നെ ജോർജ് കുര്യൻ ആറാക്കപ്പടവിൽ, വർക്കി ചാക്കോ കരികുളം പുളിഞ്ചോട്ടിൽ, സീലിയ ചാക്കോ പടിഞ്ഞാറേ മുള്ളൻകുഴി തുടങ്ങിയവരുടെ സഹായസഹകരണത്തിലാണ് ഈശോയുടെ ഗദ്സമെൻ പ്രാർഥനയുടെയും ഉത്ഥാനത്തിന്റെയും ചിത്രീകരണങ്ങൾ നിർമിച്ചത്.

അറുന്നൂറ്റിമംഗലം ഇടവകസമൂഹമൊന്നാകെ നാല്പതാംവെള്ളിയാചരണത്തിന്റെയും കുരിശുമലകയറ്റത്തിന്റെയും മുന്നൊരുക്കത്തിലാണിപ്പോൾ. തീർഥാടകർക്ക് എല്ലാവിധ സൗകര്യവും ഒരുക്കുന്നതിനായി വിവിധ കമ്മിറ്റികൾ സജീവമായി പ്രവർത്തിച്ചുവരുന്നു.

2012 മുതൽ ഇവിടെ നേർച്ചക്കഞ്ഞി വിതരണം ചെയ്യുന്നുണ്ട്. ഇവിടെയെത്തുന്ന തീർഥാടകർക്കു പാപസങ്കീർത്തനം നടത്തുന്നതിനും വിശുദ്ധകുർബാനയിൽ സംബന്ധിക്കുന്നതിനും ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുള്ളതായി വികാരി ഫാ. അഗസ്റ്റിൻ വരിക്കമാക്കൽ അറിയിച്ചു. ■



# മലകയറ്റപ്പള്ളി



*എട്ടാം പേജ് തുടർച്ച*

സൗജന്യമായി പള്ളിക്കു നല്കി. പൊതുനിരത്തിൽനിന്നു പള്ളിയിലേക്കുള്ള വഴിക്കു വേണ്ടതായ സ്ഥലം സൗജന്യമായി വാഗ്ദാനം ചെയ്തത്, ആറാക്കപ്പടവിൽ ഔസേപ്പ് അവിരാ ആയിരുന്നു. ഭാഗോടമ്പടിയിൽ തന്റെ ഭാഗത്തു വന്നുചേർന്ന ടി സ്ഥലം - നാല്പതു സെന്റ് - അദ്ദേഹത്തിന്റെ മകനായ ആറാക്കപ്പടവിൽ അവിരാ കുര്യൻ തന്റെ പിതാവിന്റെ നിയോഗപ്രകാരം പള്ളിക്കു സൗജന്യമായി നല്കി. താമസിയാതെ പള്ളിപണി താത്കാലികമായി പൂർത്തിയാവുകയും ചെയ്തു.

1912 ൽ പണിയാരംഭിച്ച താത്കാലികദൈവാലയത്തിന്റെ സ്ഥാനത്ത്, 1917 ൽ സ്ഥിരമായ ദൈവാലയം പണി പൂർത്തിയാവുകയും ആ വർഷം മേയ് ഒന്നിന് ദൈവാലയത്തിന്റെ പ്രതിഷ്ഠാകർമം നിർവഹിക്കപ്പെടുകയുമുണ്ടായി. 1920 മുതൽ 1930 വരെയുള്ള കാലഘട്ടങ്ങളിലായി പള്ളിയുടെ ഇരുവശത്തുമുള്ള ചായ്പുകളുടെ പണിയും പൂർത്തിയായി. ഇക്കാലഘട്ടങ്ങളിൽ വികാരിമാരായിരുന്ന വന്ദ്യപുരോഹിതർ ബഹുമാനപ്പെട്ട നെടുങ്ങോട്ടിൽ ഗീവർഗീസ് കത്തനാരെയും ബഹുമാനപ്പെട്ട ചേമ്പാലയിൽ മത്തായി കത്തനാരെയും പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. 1935 മാർച്ച് 21 ന് ചങ്ങനാശേരി രൂപതാധ്യക്ഷൻ മാർ ജെയിംസ് കാളാശേരിപ്പിതാവിന്റെ കല്പനപ്രകാരം ഈ ദൈവാലയം സ്വതന്ത്ര ഇടവകയായി ഉയർത്തപ്പെട്ടു. വർഷങ്ങൾ കഴിഞ്ഞപ്പോൾ ഇടവകജനങ്ങളുടെ എണ്ണം വർധിച്ചതോടെ സൗകര്യപ്രദമായ ഒരു പുതിയ ദൈവാലയം തീർക്കണമെന്ന ആഗ്രഹം വിശ്വാസികളിൽനിന്നുണ്ടായി. ഇതിനിടെ, ഇടവകയുടെ വിവിധ കേന്ദ്രങ്ങളിലായി പുതിയ കപ്പേളകളും പുതിയ പള്ളിമേടയും നിർമിക്കപ്പെട്ടു.

## ആധുനികരീതിയിലുള്ള പുതിയ ദൈവാലയം

രണ്ടായിരത്തിൽ വികാരിയായി സ്ഥാനമേറ്റ ബഹുമാനപ്പെട്ട മാത്യു മൂത്തേടം അച്ചന്റെ കാലത്തു സ്ഥാപിതമായതാണ് ആധുനികരീതിയിലുള്ള പുതിയ ദൈവാലയം. ഭാരതീയസംസ്കാരത്തിൽ വേരൂന്നിയ, ആധുനിക വാസ്തുശില്പമാതൃകയിൽ പണിതീർത്തിരിക്കുന്ന ഈ ദൈവാലയം പ്രൗഢിയിൽ മധ്യതിരുവിതാംകൂറിലെ എണ്ണം പറഞ്ഞ പള്ളികളിലൊന്നായി നിലകൊള്ളുന്നു. അഞ്ചു നിലയിൽ പഗോഡമാതൃകയിൽ നിർമിച്ചിരിക്കുന്ന ഈ ദൈവാലയത്തിന്റെ മുഖവാരം ശില്പഭംഗിയാൽ ഏറെ മനോഹരമാണ്. അതുപോലെതന്നെ, ഈ ദൈവാലയത്തിനു മുമ്പിലെ കൽവിളക്കും കൽക്കുരിശും പാരമ്പര്യത്തനിമ വിളിച്ചോതുന്നു. 2004 ൽ ജോർജ് മാത്യു നെടുങ്ങോട്ടിൽ നിർമിച്ചുനല്കിയ ഈ കൽക്കുരിശിനു ചുറ്റും വെള്ളിയാഴ്ചകളിൽ എണ്ണയൊഴിക്കാനായി എത്തുന്ന ഭക്തജനങ്ങൾ നിരവധിയാണ്. അതുപോലെതന്നെ, അബ്രാഹത്തിന്റെ ബലി, ഏലിയാപ്രവാചകന്റെ ബലിയർപ്പണം, ഈശോയുടെ വിധേയത്വം, ഈശോയുടെ ഗുഹയിലെ പ്രാർഥന എന്നിവയുടെ ചിത്രീകരണങ്ങളും ഏറെ ആകർഷകമാണ്. ആനവാതിലിന്റെ ഇരുവശത്തുമായി ഗബ്രിയേൽ ദൈവദൂതൻ ഈശോയുടെ ജനനവാർത്ത അറിയിക്കുന്ന ഐക്കൺ ചിത്രീകരിച്ചിരിക്കുന്നു.

തൂണുകളെയും മദ്ബഹായുടെ ആർച്ചുകളെയും അലങ്കരിക്കുന്ന ചുറ്റുവിളക്കുകളും മണികളും ദൈവാലയത്തിനു നല്കുന്ന ശില്പസൗന്ദര്യം ഒന്നുവേറേതന്നെ. പ്രധാന അൾത്താര തേക്കിൻതടിയിൽ ഒറ്റ വേരിലാണ് തീർത്തിരിക്കുന്നത്. അടിഭാഗത്ത് ഈശോയുടെ പ്രതിരൂപമായി പെലിക്കൺ പക്ഷിയെ ചിത്രീകരിച്ചിരിക്കുന്നു. ■

## കൈക്കാരന്മാർ



ജോസഫ് മടക്കത്തടത്തിൽ



ജോയി വാഴപ്പറമ്പിൽ



ജെയിംസ് വരീക്കൽ

## തിരുനാൾ തിരുക്കർമങ്ങൾ

**2024 മാർച്ച് 22 നാല്പതാം വെള്ളി**

5.00 am : വി. കുർബാന (മലമുകളിൽ)
റവ. ഡോ. ജോസഫ് കരികുളം
(റെക്ടർ, മാർ അപ്രേം സെമിനാരി, പാലാ)

6.00 am : വി. കുർബാന (മലമുകളിൽ)
റവ. ഫാ. ജോയിസ് ചേലച്ചുവട്ടിൽ MCBS

07.00 am : ആഘോഷമായ വി. കുർബാന, സന്ദേശം (പള്ളിയിൽ)
റവ. ഡോ. ജോർജ് ഞാറക്കുന്നേൽ
(ചാപ്ലയിൽ, മരിയൻ മെഡി. സെന്റർ, അരുണാപുരം)

09.00 am : വി. കുർബാന, സന്ദേശം (മലമുകളിൽ)
റവ. ഫാ. സനീഷ് വടക്കുട്ട്

10.30 am : വി. കുർബാന, സന്ദേശം (മലമുകളിൽ)
റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ
(ഡയറക്ടർ, വിശ്വാസപരിശീലനകേന്ദ്രം, പാലാ)

02.00 pm : വി. കുർബാന (പള്ളിയിൽ)
റവ. ഫാ. ഷാജി പനപ്പറമ്പിൽ OFM Cap.
(മുണ്ടക്കയം ആശ്രമം)

03.30 pm : വി. കുർബാന (പള്ളിയിൽ)
റവ. ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുര (വികാരി, വലവൂർപള്ളി)

05.00 pm : മുൾമുടി പ്രദക്ഷിണം

06.00 pm : ആഘോഷമായ വി. കുർബാന, സന്ദേശം
മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ
(സീറോ മലബാർ സഭ കൂരിയാമെത്രാൻ)

07.30 pm : വി. കുർബാന, സന്ദേശം (മലമുകളിൽ)
റവ. ഫാ. ഷാജി മുകളേൽ
(വികാരി, സെന്റ് ലൂക്ക്സ് ക്നാനായ പള്ളി, പൂഴിക്കോൽ)

09.00 pm : വി. കുർബാന
റവ.ഫാ. ജിതിൻ വല്ലൂർ OSB
(അസി. വികാരി, എസ്.എച്ച്. ചർച്ച്, മോനിപ്പള്ളി)

10.30 pm : വി. കുർബാന
റവ. ഫാ. തോമസ് ബ്രാഹ്മണവേലിൽ
(വികാരി, കളത്തൂക്കടവ് പള്ളി)

11.30 pm : തിരുശേഷിപ്പ് പ്രയാണം (പള്ളിയിലേക്ക്)








ORA ET LABORA
SKPS
MARIAMALA
KADUTHURUTHY
DISCIPUNA PACIS
Join the Best
To be the Best
AWARDED WITH
THE BEST SCHOOL AWARD 2023 AT
G20 Education Summit 2024
Separate hostel for boys & girls
School bus services to different destinations
Sports academy
State-of-the-art laboratories
NO DONATIONS
NO DEPOSITS
ADMISSION STARTED
PLAY SCHOOL, LKG, UKG
CLASS I - XI
+91 9496541679, +91 9400657732
ST. KURIAKOSE PUBLIC SCHOOL
VALLOMBROSAN
INSTITUTE OF FOREIGN LANGUAGES
VALLOMBROSAN INSTITUTE OF FOREIGN LANGUAGES
Entrance Coaching for
Medical & Engineering by Brilliant Pala
German A1-B2
10 Months course
100% Residential program
CONTACT+91 9731 364 562


Favourite Pets
pet store & grooming parlour
Pala | +91 9567 930 052
Erattupetta | +91 9744 661 663
Treating your Pet like Royalty
drools
Himalaya SINCE 1930
Freedom
PUREPET
DOG'njoy
Boonie Bites
CANINE CREEK
Let's Bite
FOCUS


കുറഞ്ഞ ചെലവിൽ നിങ്ങളുടെ ബജറ്റിനനുസരിച്ച് മുറ്റം മനോഹരമാക്കൂ...
ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തുമുള്ള പ്രകൃതിദത്ത കല്ലുകളും (natural stone)
ഒരു കുടക്കീഴിൽ...
കൂടുതൽ അറിയാൻ ഇപ്പോൾത്തന്നെ വിളിക്കൂ...
ഡിസൈനുകൾ മധുരമുള്ള ഓർമകളായി പരിവർത്തനം ചെയ്യാൻ
VALIYAVEETTIL STONE WORKS
Near Neelimangalam Bridge Kumaranalloor P.O. Kottayam Ph:+91-7025673000
Vaikom Road, Manjoor, Kothanalloor P.O. Ph:+91-7025675000
visit us at : www.valiyaveettilstoneworks.com
Call / Whatapp: 9447440387 / 9846743243
A VARIETY OF NATURAL STONES
Cladding Stones, Paving stones, Copping Stones, Kerb, Cobble Stones, Butching Stones, Flamed Granites
Lappothra Granites, Stone Vinneer, Stone Furniture, Water Fountains, Wash Basin, Pebbles etc


നമുക്കെന്തുകൊണ്ട് ഒരു പ്രതിഭാശാലിയെ സൃഷ്ടിച്ചുകൂടാ?...
Kunjuvava International Preschool
Kottayam, Vayala
(A Montessori Preschool) For PreKg, LKG & UKG
കുഞ്ഞുവാവ
Play, learn and grow together
Cctv യിലൂടെ മാതാപിതാക്കൾക്ക് വീട്ടിൽ ഇരുന്നുകൊണ്ട് സ്വന്തം കുട്ടികളെ നിരീക്ഷിക്കാം.
Call: 9562090481
04822296081


JJ TOOLS
JJ BUILDING PEROOR ROAD,
ETTUMANOOR PH: 9847461199
BOSCH
Sai
എല്ലാവിധ പവർ ടൂൾസ്, വെൽഡിംഗ്സെറ്റ് വാടകയ്ക്ക്
CUTTER, GRINDER, DRILLER, WHOLESALE DEALERS IN POWER TOOLS


27 വർഷത്തെ വിശ്വസ്ത സേവനപാരമ്പര്യം
M C MARBLES
Arunapuram, pala, pin-686 574
PH: 9447324944
മാർബിൾസ്, ഗ്രാനൈറ്റ്സ്, ടൈൽസ്
സാനിറ്ററി വേഴ്സ് എന്നിവയുടെ വിപുലശേഖരം

നോവൽ 18

# ചക്രവർത്തിനി

പാപ്പച്ചൻ കടമക്കുടി

**ആ**ർത്തുപടർന്നു പന്തലിച്ചുവളർന്ന കാട്ടുപൊന്ത അതികഠിനമായ സൂര്യതാപത്താൽ കരിഞ്ഞുപോയി. വിനാശത്തിന്റെ ഒരുപാളി അടഞ്ഞെങ്കിലും ഇനിയുമുണ്ട് ഒരു കതകുകൂടി.

ആപത്തുകൾക്കുമീതെ ആപത്തുകളുമായി തുറന്നുവന്ന കരാളവാതിൽ പൂർണമായി ബന്ധിച്ചേ മതിയാകൂ സ്വജനങ്ങളുടെ ജീവനിപ്പോഴും തുലാസിലാണ്. അതുകൂടെ തടയുമ്പോൾമാത്രമേ ലക്ഷ്യത്തിലെത്താൻ സാധിക്കുകയുള്ളൂ.

എന്തുപായമാണ് അതിനുവേണ്ടി പ്രവർത്തിക്കേണ്ടത്, രാജാവിനോട് അക്കാര്യമെങ്ങനെയാണ് ഉണർത്തിക്കേണ്ടത്?

എസ്തേർരാജ്ഞി ചിന്തയിലാണ്ടു.

തോഴിമാരുണ്ട് അല്പമകലെ. കിന്നാരങ്ങൾ പറഞ്ഞു ചിരിച്ചു കുഴയുന്നു.

മട്ടുപ്പാവിൽ അസ്തമയസൂര്യന്റെ കിരണങ്ങൾ തഴുകിവീണ് എസ്തേർ നില്ക്കുന്നതുകണ്ടാൽ രത്നഖചിതമായ ഒരു ശില്പമെന്നേ തോന്നുകയുള്ളൂ.

രാജ്ഞിയെത്തിരഞ്ഞ് മഹാരാജാവ് മട്ടുപ്പാവിലെത്തി. തോഴിമാർ പുഞ്ചിരിയോടെ പിന്മാറി. അവിടെയിട്ടിരുന്ന പീഠത്തിൽ രാജാവ് രാജ്ഞിയോടൊപ്പമിരുന്നു. എന്തെല്ലാമോ ചിന്തകളാൽ ആകുലയാണ് അവളെന്നു രാജാവു മനസ്സിലാക്കി.

“ഇനിയും നിനക്കു സന്തോഷമായില്ലേ എസ്തേർ?”

ഹാമാന്റെ വിധിയെ സൂചിപ്പിച്ച് അദ്ദേഹം ചോദിച്ചു.

അവൾ പ്രിയതമന്റെ നേരേ നോക്കി.

ആ തിളങ്ങുന്ന കണ്ണുകളിൽനിന്നു മറുപടി പറന്നുവന്ന് രാജാവിന്റെ കരളിലിറങ്ങി.

പിന്നെന്തേ ഇങ്ങനെ ചിന്തിച്ചിരിക്കാൻ?

അതു ശ്രദ്ധിക്കാത്തതുപോലെ അവൾ ചോദിച്ചു:

“ഈ അസ്തമയം കാണാനെന്തു രസമാണല്ലേ?”

“നിന്നെപ്പോലെതന്നെ.”

രാജാവ് അവളുടെ കവിളിൽ നുള്ളി. കൂടുതൽ ആർദ്രതയോടെ അദ്ദേഹം ചോദിച്ചു:

“പറയൂ പ്രിയേ, എന്തെങ്കിലും വിഷമം നിന്നെ അലട്ടുന്നുണ്ടോ?”

അങ്ങുള്ളപ്പോഴോ? ഞാനെന്തിനു ദുഃഖിക്കണം?

എസ്തേറിന്റെ വാക്കുകൾ ലക്ഷ്യത്തിൽച്ചെന്നുകൊണ്ടു.

രാജാവിനതിഷ്ടമായി. അദ്ദേഹം ചിരിച്ചു. രാജ്ഞി ഭവ്യമായി ചോദിച്ചു:

ഞാനൊരു രഹസ്യം പറയുകയാണ്. അനുവദിക്കുമോ?

“നമ്മോടെന്തു പറയാനും ഒരനുവാദത്തിന്റെ ആവശ്യമുണ്ടോ നിനക്ക്?”

രാജാവ് പ്രോത്സാഹിപ്പിച്ചു.

ഞാനാരാണെന്നറിഞ്ഞാൽ അങ്ങെന്നെ വെറുക്കുമോ, തള്ളിക്കളയുമോ?

ഉത്കണ്ഠ തിക്കിത്തിരക്കിയെത്തുന്ന വാക്കുകളോടെ അവൾ പ്രിയനോടു ചേർന്നിരുന്നു.

“തള്ളിക്കളയുകയോ? നിന്നെ നമുക്കറിയാമല്ലോ പ്രിയേ...!”

നീ എസ്തേർ. നമ്മുടെ പട്ടമഹിഷി.

രാജാവ് കൂടുതൽ സൗമ്യനായി.

“ഞാനൊരു യഹൂദയാണ്, ഹദസ എന്നായിരുന്നു എന്റെ പേര്.”

ശങ്കയുണ്ടായിരുന്നെങ്കിലും എസ്തേർ സത്യം വെട്ടിത്തുറന്നു പറഞ്ഞു.

“ആരായാലെന്ത്? നമ്മുടെ സ്നേഹമാണ്. നീയെനിക്കെന്നും എസ്തേർതന്നെയാണ്.”

മഹാരാജാവിന്റെ വാത്സല്യം അവളുടെ മേലൊഴുകിവീണു.

അദ്ദേഹത്തോടു കൂടുതൽ ചേർന്നിരുന്നുകൊണ്ട് അവൾ കുറുകി.

“എന്റെ മഹാരാജാവ് എത്ര വലിയവനാണ്.”

അനുസരണയുള്ള ചെമ്മരിയാട്ടിൻകുട്ടിയെപ്പോലെ അവളൊതുങ്ങി. പിന്നെ പതിയെപ്പറയാൻ തുടങ്ങി:

“എന്റെ രാജാവിനെ രക്ഷിച്ച ഒരാളെക്കുറിച്ച് അങ്ങ് വായിച്ചറിഞ്ഞതല്ലേ?”

“മൊർദെക്കായിയല്ലേ?’

എന്താ അയാൾക്കു പറ്റിയത്?

രാജാവ് ആകാംക്ഷയോടെ അവളെ നോക്കി.

എസ്തേർ മൃദുവായി ചോദിച്ചു.

“അതാരെന്ന് അങ്ങേക്കറിയോ?”

“നമുക്കറിയാമല്ലോ, കൊട്ടാരം കാര്യവിചാരിപ്പുകാരൻ.”

ഫലിതം പറയുംപോലെ രാജാവു ചിരിച്ചു.

എസ്തേർ അദ്ദേഹത്തിന്റെ മുഖത്തേക്കുറ്റുനോക്കി. ചിരിയിൽ എന്തെങ്കിലും ദ്വയാർഥം പ്രതിഫലിക്കുന്നുണ്ടോ എന്നറിയാനായി. അപ്പോൾ അദ്ദേഹം അവളെ വലതുകരവലയത്തിലാക്കി ഇടതുകവിളിൽ മുഖമാഴ്ത്തി.

എസ്തേർ തുടർന്നു:

ആ മൊർദെക്കായ് എന്റെ അബ്ബയുടെ സഹോദരനാണ്. എന്റെ വളർത്തച്ഛനാണ്. കുട്ടിയായിരുന്നപ്പോൾ മുതൽ കാത്തുരക്ഷിച്ചവനാണ്. ഞാനവരെ അബ്ബയെന്നാണു വിളിക്കുന്നത്.

ഒറ്റശ്വാസത്തിലെന്നപോലെ അവൾ മുഴുവൻ കാര്യവും പറഞ്ഞൊപ്പിച്ചു.

മഹാരാജാവ് അവിശ്വസനീയതയോടെ അവളെ ശ്രദ്ധിച്ചു.

എന്നിട്ട് കോപംകലർന്ന മട്ടിലൊരു ചോദ്യം:

“എന്തേ എന്നിട്ടിതുവരെ നമ്മെ അറിയിച്ചില്ല?”

രാജ്ഞിയുടെ മുഖംകുനിഞ്ഞു.

അഹസ്വേരുസ് ആ മുഖം പിടിച്ചുയർത്തി. കണ്ണുകളിൽ നനവു പടർന്നിരിക്കുന്നു.

എങ്കിൽ നാളെമുതൽ നാമും അയാളെ അങ്ങനെയേ വിളിക്കൂ... അബ്ബാ!

എസ്തേർ പൊട്ടിച്ചിരിച്ചുപോയി.

കൈചുരുട്ടി കൊച്ചുകുട്ടിയെപ്പോലെ രാജാവിന്റെ മാറത്തിടിച്ചു. കരവലയത്തിലാക്കാൻ ശ്രമിച്ച പ്രിയനെ വെട്ടിച്ച് ഊളിയിട്ടു കിലുങ്ങിക്കൊണ്ടോടി.

പിറ്റേന്ന് രാജസഭ കൂടി. സഭയിലേക്ക് മൊർദെക്കായി വിളിക്കപ്പെട്ടു.

സകലപ്രഭുക്കമാരും സേവകന്മാരും കേൾക്കേ രാജാവു പ്രഖ്യാപിച്ചു:

“ഈ നില്ക്കുന്ന മൊർദെക്കായി നമ്മുടെ പട്ടമഹിഷിയുടെ പിതൃസഹോദരനാണ്.”

സഭയിൽ അദ്ഭുതത്തിന്റെ ശീൽക്കാരശബ്ദമുയർന്നു.

രാജ്ഞിയുടെ മുഖം സന്തോഷത്താൽ വിടർന്നു. മൊർദെക്കായി എസ്തേറിനെ നോക്കി മൃദുവായി ചിരിച്ചു.

രാജാവ് തുടർന്നു:

“വധിക്കപ്പെട്ട ഹാമാൻ വഹിച്ചിരുന്ന പദവികൾ ഇന്നുമുതൽ നാം മൊർദെക്കായിക്കു നല്കുന്നു.”

രാജാവ് മൊർദെക്കായിയെ സവിധത്തിലേക്കു വിളിപ്പിച്ചു. അയാൾ സാവധാനം നടന്ന് വേദിയിലേക്കു കയറി.

ഹാമാനു നല്കിയിരുന്ന മുദ്രമോതിരം രാജസഭ സാക്ഷിയാക്കി മൊർദെക്കായിയെ അണിയിച്ചു. അയാളെ കൈപിടിച്ച് പ്രധാന സചിവന്റെ പീഠത്തിലിരുത്തി.

രാജ്ഞിയുടെ മുഖം അഭിമാനപൂരിതമായി.

സഭാവാസികൾ രാജാവിന്റെ കാരുണ്യത്തെ മുക്തകണ്ഠം പ്രശംസിച്ചു. അവർക്കെല്ലാവർക്കും മൊർദെക്കായിയെ അത്രയ്ക്കിഷ്ടമായിരുന്നു.



എല്ലാവരോടും സ്നേഹത്തോടെ പെരുമാറുന്നവൻ, യാതൊരു തലക്കനവുമില്ലാത്തവൻ.

അധികാരമുണ്ടായിട്ടും അതിന്റെ ഗർവുകൾ സഹപ്രവർത്തകരോടു കാണിക്കാത്തവൻ.

ഹാമാന്റെ മണിമാളികയും സ്വത്തുക്കളും ജപ്തിചെയ്യാനും അവയെല്ലാം മഹാരാജ്ഞിയുടെ സ്വത്തായി വിളംബരംചെയ്യാനും ഉത്തരവായി.

സഭാവാസികൾ ആഹ്ലാദാരവങ്ങൾ മുഴക്കി..

‘മഹാരാജാവ് നീണാൾ വാഴട്ടെ...’

സൗമ്യമായ സ്മേരത്തോടെ മൊർദെക്കായി രാജാവിനെയും സഭാവാസികളെയും വണങ്ങി.

സ്ഥാനാരോഹണത്തിനുശേഷം മൊർദെക്കായി രാജസഭയിൽനിന്നു നേരത്തേ ജോലിചെയ്ത സ്ഥലത്തേക്കു മടങ്ങി. അയാളുടെ പിന്നാലെ രാജ്ഞിയുടെ പ്രധാനഷണ്ഡനായ ഹഗായി ഓടിയെത്തി. കൊട്ടാരത്തിൽ പലതരം ജോലിചെയ്യുന്നവരും അവനോടൊപ്പമുണ്ട്.

അവർക്കെല്ലാം മൊർദെക്കായിയെ വലിയ ഇഷ്ടമാണ്.

“പ്രധാനമന്ത്രിക്കു വണക്കം.”

ഹഗായിയുടെ അഭിവാദ്യം കേട്ട് മൊർദെക്കായ് തിരിഞ്ഞു നിന്നു.

“നീയെന്തിനാണ് ഹാഗായി ഇങ്ങനെ വന്ദനം പറയുന്നത്? ഞാൻ പഴയ മൊർദെക്കായ് തന്നെയാണ്.”

അയാൾ സൗമ്യമായി ചിരിച്ചു.

എല്ലാവരും മൊർദെക്കായിയുടെ ചുറ്റും കൂടിനിന്നു.

“ഞങ്ങൾക്കെല്ലാം വലിയ സന്തോഷമായി. ഇവിടെ ഒപ്പം ജോലി ചെയ്തിരുന്ന അങ്ങ് വലിയ സ്ഥാനത്തെത്തിയതിൽ.”

ഷണ്ഡൻ തുടർന്നു:

“എന്നാലും... അക്കാര്യം ആരോടും വെളിപ്പെടുത്താതിരുന്നതു സങ്കടമായി.”

“എന്തു കാര്യം?”

മൊർദെക്കായ് സംശയിച്ചു.

“അങ്ങ് എസ്തേർ മഹാരാജ്ഞിയുടെ പിതൃസഹോദരനാണെന്ന കാര്യം.”

പരിഭവത്തോടെയുള്ള വാക്കുകൾ.

ആ സമയത്തൊക്കെ അറിയാതെ അടിയങ്ങൾ അങ്ങയോട് അനാദരവു കാണിച്ചിട്ടുണ്ടെങ്കിൽ പൊറുക്കണം...

അവന്റെ ക്ഷമാപണം മൊർദെക്കായിയെ വേദനിപ്പിച്ചു.

“പദവികളൊക്കെ വരും പോകും. സ്നേഹമല്ലേ നമുക്ക് വലുത്. നമ്മൾ മനുഷ്യരല്ലേ ഹഗായി?”

കൂടിനിന്നവർക്കൊക്കെ സമാധാനമായി.

പുതിയ പ്രധാനസചിവന്റെ സൗമ്യമായ വാക്കും പ്രവൃത്തിയും അവരെ കൂടുതൽ സന്തുഷ്ടരാക്കി.

രാജ്യാധികാരത്തിന്റെ രണ്ടാം സ്ഥാനത്തെത്തിയിട്ടും, മഹാരാജ്ഞിയുടെ ബന്ധുവായിട്ടും ഗർവൊട്ടുമില്ലാത്ത മഹാനുഭാവൻ.

ആ സമയത്ത് രാജാവിന്റെ ഷണ്ഡനായ ഹാഥാൻ ഓടിവന്നറിയിച്ചു.

മഹാരാജ്ഞി കാണാൻ സമയം ചോദിച്ചിരിക്കുന്നു.. അറയിൽ കാത്തിരിക്കുയാണ്.

കൂടിനിന്നവരെല്ലാം ഒഴിഞ്ഞുമാറി. മൊർദെക്കായ് ഹാഥാനോടൊപ്പം നടന്നു.

സ്വാതന്ത്ര്യത്തോടെയുള്ള നടത്തം.

കാര്യവിചാരിപ്പുകാരനായിരുന്നിട്ടും സംശയിച്ചും ഭയന്നും നടന്നവഴികൾ. രഹസ്യദൂതന്മാരിലൂടെ ഹാമാന്റെ ക്രൂരദൃഷ്ടികൾ പതിഞ്ഞിരുന്ന ഇടങ്ങൾ, രാജ്ഞിയുടെ ഷണ്ഡനായ ഹഗായിയും അയാളൊന്നിച്ചുണ്ട്.

അവർ മഹാരാജ്ഞിയുടെ മുറിയിൽ പ്രവേശിച്ചു.

തോഴിമാരുടെ പരിചരണത്തിൽ രാജകീയതല്പത്തിൽ ശയിച്ചിരുന്ന മഹാരാജ്ഞി ചാടിയെഴുന്നേറ്റു.

“അബ്ബാ...”

ഒരു കൊച്ചുകുഞ്ഞിനെപ്പോലെ എസ്തേർ ഓടിയെത്തി.

അയാൾ അവളെ വാത്സല്യപൂർവം തലോടി.

“ഇങ്ങനെ പെരുമാറരുത്. നീ രാജ്യത്തിന്റെ മഹാരാജ്ഞിയാണ്.”

അവൾ തലകുലുക്കി നിഷേധിച്ചു.

“എന്നാലുമബ്ബാ, ഞാനിപ്പൊഴും അങ്ങയുടെ ഹദസയാണ്.”

കൊഞ്ചിക്കിലുങ്ങുന്ന മഹാറാണിയെക്കണ്ട് തോഴിമാർ ചിരിച്ചു.

രാജ്ഞി മൊർദെക്കായിയെ അവിടെ ഒരു പീഠത്തിലിരുത്തി.

“അബ്ബാ... ഹാമാന്റെ വീട് ഞാനങ്ങേക്കു തരികയാണ്. ഇനിമുതൽ അവിടെ താമസിക്കണം.”

അയാൾ അമ്പരന്നു. രാജകീയ പ്രതാപത്തോടെയുള്ള ആജ്ഞാശക്തിയുള്ള വാക്കുകൾ.

“അതു വേണ്ട മോളേ...”

“വേണം. പുതുക്കിപ്പണിയാനുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. അബ്ബതന്നെ അവിടെച്ചെന്ന് എങ്ങനെ വേണമെന്നു നിശ്ചയിച്ച് പണികളുടെ മേൽനോട്ടം വഹിക്കണം.”

അയാൾ ഒന്നും മിണ്ടിയില്ല.

കല്പന അനുസരിക്കുന്നുവെന്ന് മനസ്സ് ഉദീരണം ചെയ്തു.

*(തുടരും)*





**മാർച്ച് 24**
**നോമ്പുകാലം**
**ഏഴാം ഞായർ**

**ഉത്പ 49:8–12, 22–26**
**സഖ 9:9–12**
**റോമാ 11:13–24**
**മത്താ 21:1–17**



**ഫാ. ഡോ. തോമസ് വടക്കേൽ**

# സമാധാനരാജാവ്



**നോ**മ്പുകാലം ഏഴാം ഞായറാഴ്ചയായ ഇന്ന് ഓശാനത്തിരുനാളാണ്. മിശിഹായുടെ വരവിനെക്കുറിച്ചു ധ്യാനിക്കുന്ന ദിവസമാണിത്. ഒന്നാമത്തെ വായനയിൽ (ഉത്പ 49:8–12, 22–26) യൂദാഗോത്രത്തിന്റെ മഹത്ത്വത്തെക്കുറിച്ചും അവിടെനിന്നുദ്ഭവിക്കുന്ന രാജത്വത്തെക്കുറിച്ചും; രണ്ടാംവായനയിൽ (സഖ. 9:9–12) സീയോനിലേക്കു കടന്നുവരുന്ന സമാധാനരാജാവിനെക്കുറിച്ചും; മൂന്നാം വായനയിൽ (റോമാ 11:13–24) മിശിഹായാകുന്ന ഒലിവിൽ ഒട്ടിച്ചേർക്കപ്പെടുന്ന വിശ്വാസിസമൂഹത്തെക്കുറിച്ചും; നാലാംവായനയിൽ (മത്താ. 21:1–17) ഈശോമിശിഹായുടെ ജറുസലേമിലേക്കുള്ള രാജകീയപ്രവേശനത്തെക്കുറിച്ചും ജറുസലെം ദൈവാലയശുദ്ധീകരണത്തെക്കുറിച്ചും നാം ശ്രവിക്കുന്നു. രാജാവായ മിശിഹായാണ് വായനകളുടെയെല്ലാം പൊതുപ്രമേയം.

**ഉത്പത്തി 49:8–12, 22–26:** തന്റെ മരണക്കിടക്കയിൽ കിടന്നുകൊണ്ട് യാക്കോബ് തന്റെ മക്കളെ അടുത്തുവിളിച്ച് അനുഗ്രഹിക്കുന്നതും ശാസിക്കുന്നതുമാണ് ഈ വചനഭാഗത്തിന്റെ പൊതുപശ്ചാത്തലം. യാക്കോബിന്റെ 'മരണപത്രിക' ആണിത്.

'യാക്കോബിന്റെ അനുഗ്രഹം' എന്ന പേരിൽ അറിയപ്പെടുന്ന 49–ാം അധ്യായത്തിൽ എട്ടു തുടങ്ങിയുള്ള വചനങ്ങളിൽ യാക്കോബ് യൂദാഗോത്രത്തെ പുകഴ്ത്തിസംസാരിക്കുകയാണ്. ഗോത്രങ്ങൾക്കിടയിലെ യൂദാഗോത്രത്തിന്റെ സവിശേഷതയും പ്രാധാന്യവും ഇവിടെ വിവരിക്കുന്നുണ്ട്.

നിന്റെ സഹോദരന്മാർ നിന്നെ പുകഴ്ത്തും (49:8) എന്നാണ് യൂദായെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. യദാ (yadah) എന്ന ഹീബ്രുപദത്തിന്റെ അർഥം ആരാധിക്കുക, പുകഴ്ത്തുക എന്നൊക്കെയാണ്. യൂദാഗോത്രത്തിൽനിന്നു വരുന്ന മിശിഹായെ എല്ലാവരും ആരാധിക്കുമെന്ന ഒരു ധ്വനി ഇതിൽ ഉൾക്കൊള്ളുന്നുണ്ട്. കുമ്പിടുക എന്നർഥമുള്ള ഹീബ്രുവിലെ ഷക്കാഹ് (shachah) എന്ന വാക്കും (49:8) ഇതുതന്നെയാണ് അർഥമാക്കുന്നത്.

ചെങ്കോൽ യൂദയായെ വിട്ടുപോവുകയില്ല (49:10). ദാവീദ് രാജാവിനെക്കുറിച്ചുള്ള പരാമർശമാണിതെന്നു പറയുന്നുണ്ടെങ്കിലും ഇതു മിശിഹായുടെ രാജത്വത്തെക്കുറിച്ചുള്ള ഒരു പ്രവചനംതന്നെയാണ്. ചെങ്കോൽ, അധികാരദണ്ഡ് ഇവ കിംഗ്ഷിപ്പിനെയാണു സൂചിപ്പിക്കുന്നത്. ജനതകളെല്ലാം അനുസരിക്കുന്ന രാജാവ് മിശിഹാതന്നെയാണ്.

മിശിഹായുഗത്തിന്റെ സമൃദ്ധിയെക്കുറിച്ചാണ് 11,12 വാക്യങ്ങൾ പരാമർശിക്കുന്നത്. കഴുതയെ മുന്തിരിവള്ളിയിലും കഴുതക്കുട്ടിയെ മുന്തിരിച്ചെടിയിലും കെട്ടിയിടുമെന്ന പ്രയോഗം പ്രതീകാത്മകമാണ്. മുന്തിരിവള്ളിയിലോ, ചെടിയിലോ കെട്ടിയിടുമ്പോൾ കഴുത മുന്തിരിച്ചെടി കടിച്ചു നശിപ്പിച്ചെന്നുവരാം. ചെടി ഇല്ലായ്മ ചെയ്യപ്പെടും. എന്നാൽ, അല്പം മുന്തിരിവള്ളികൾ നഷ്ടപ്പെട്ടാലും ഇല്ലായ്മ ചെയ്യാൻ വയ്യാത്തവിധമുള്ള സമൃദ്ധിയുണ്ടാകുമെന്ന സൂചനയാണിവിടെ. മിശിഹായുഗത്തിൽ ഒന്നിനും കുറവുണ്ടാകുകയില്ല. ധാരാളമുള്ള വീഞ്ഞ് സമൃദ്ധിയുടെ അടയാളമാണ്. വസ്ത്രങ്ങൾപോലും വീഞ്ഞിൽ കഴുകാൻ തക്കവിധമുള്ള മിശിഹായുഗത്തിന്റെ സമൃദ്ധിയാണിവിടെ പരാമർശിക്കുന്നത്.

**സഖറിയ 9:9–12:** 'ദൈവം ഓർമിക്കുന്നു' എന്നാണ് സഖറിയ എന്ന വാക്കിന്റെ അർഥം. പ്രവാചകനായിരുന്ന സഖറിയായ്ക്ക് ദൈവത്തിൽനിന്നു ലഭിച്ച അരുളപ്പാടുകൾ രേഖപ്പെടുത്തിയിരിക്കുന്നതാണ് ഈ പ്രവചനഗ്രന്ഥം. പുതിയ രാജാവിന്റെ വരവിനെക്കുറിച്ചും അദ്ദേഹം നടത്തുന്ന വിമോചനത്തെക്കുറിച്ചുമാണ് ഈ വചനഭാഗം പരാമർശിക്കുന്നത്.

മിശിഹായായി വരുന്ന ദാവീദിന്റെ വംശത്തിൽനിന്നുള്ള പുതിയ രാജാവിനെക്കുറിച്ചുള്ള സഖറിയാപ്രവാചകന്റെ 'മിശിഹാപ്രവചനം' ആണിത്. പുതിയ രാജാവിന്റെ വരവ് ഏറെ സന്തോഷം നൽകുന്ന ഒന്നാണ്. 'ആനന്ദിക്കുക, ആഹ്ലാദിക്കുക' എന്നർഥം വരുന്ന ഹീബ്രുഭാഷയിലെ ഗീൽ (giyl) എന്ന പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. മിശിഹാ നൽകുന്നത് നിത്യസന്തോഷമാണ്.

പുതിയ രാജാവിന്റെ പ്രത്യേകതകൾ: പ്രതാപവാൻ, ജയശാലി, വിനീതൻ. രാജാവാണെങ്കിലും അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ പ്രത്യേകത 'വിനയം' ആണ്. ഹമ്പിൾ എന്നർഥം വരുന്ന ഹീബ്രുഭാഷയിലെ അനി (ani) എന്ന വാക്കാണ് രാജാവിന്റെ ശൈലിയായി ഇവിടെ പറഞ്ഞിരിക്കുന്നത്. ലാളിത്യവും എളിമയും ശാന്തതയും നിറഞ്ഞ രാജാവായ മിശിഹായെക്കുറിച്ചുള്ള സൂചനയാണിത്. തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം ധരിച്ചവനാണ് മിശിഹാ (ഫിലി 2:6–11). മിശിഹാ നീതിമാനുമാണ്. Righteous എന്നർഥം വരുന്ന ത്സദീഖ് (tsaddiq) എന്ന പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

ജനതകൾക്കു സമാധാനം പ്രദാനം ചെയ്യുന്ന ഒരു രാജാവാണിത് (9:10). രഥത്തെയും പടക്കുതിരകളെയും വിച്ഛേദിക്കുന്ന പടവില്ല് ഒടിക്കുന്ന രാജാവ് എല്ലാവർക്കുമായി നൽകുന്നത് സമാധാനമാണ്. ഷലോം എന്ന ഹീബ്രുപദത്തിന്റെ അർഥം ശാന്തി, സൗഹൃദം, ശാന്തത, ക്ഷേമം, സമൃദ്ധി, ഐശ്വര്യം എന്നൊക്കെയാണ്. ഇവയെല്ലാം പ്രദാനം ചെയ്യുന്നവനാണ് മിശിഹാ.

**റോമാ 11:13–24:** യഹൂദരും വിജാതീയരും ഈശോമിശിഹായിൽ ചേരുമ്പോൾ അവർക്കു രക്ഷ എപ്രകാരമാണു ലഭ്യമാകുന്നതെന്ന് പൗലോസ് ശ്ലീഹാ റോമാസഭയിലെ മക്കളെ പഠിപ്പിക്കുകയാണ്. ഈശോമിശിഹായോടു ചേർന്നുനിൽക്കുന്നവർ രക്ഷ കരഗതമാക്കും; അവിടുത്തെ തിരസ്കരിക്കുന്നവർ നിത്യരക്ഷ നഷ്ടമാക്കും. അവിശ്വാസികളായവർ രക്ഷാപദ്ധതിയിൽനിന്നു വിച്ഛേദിക്കപ്പെട്ടിട്ടില്ല; മിശിഹായിൽ വിശ്വസിച്ചു തിരികെവരുമ്പോൾ അവർക്കും രക്ഷ സംലഭ്യമാകും.

വിജാതീയരെ അഭിസംബോധന ചെയ്തുകൊണ്ടാണ് ഈ വചനഭാഗം ആരംഭിക്കുന്നത്. പൗലോസ് ശ്ലീഹായുടെ പ്രവർത്തനം വിജാതീയരക്ഷ എന്നതിനോടൊപ്പം യഹൂദരുടെ രക്ഷയും ലക്ഷ്യമാക്കുന്നുണ്ട്. പൗലോസിന്റെ കൂട്ടുകാരായ യഹൂദർ വിജാതീയരുടെ രക്ഷയിൽ അസൂയപ്പെടുന്നുണ്ട്. കാരണം, ഇസ്രായേലിനു ദൈവം വാഗ്ദാനം ചെയ്ത രക്ഷ ഇപ്പോൾ വിജാതീയരും കരസ്ഥമാക്കിയിരിക്കുന്നു. ഇപ്രകാരം കാണുമ്പോൾ യഹൂദരും മിശിഹായിലുള്ള വിശ്വാസത്തിലേക്കു തിരികെവന്ന് രക്ഷ പ്രാപിക്കുമെന്നാണു പൗലോസ് പറയുന്നത്. 'തന്റെ രക്തബന്ധത്തിലുള്ളവർ' എന്നാണ് പൗലോസ് യഹൂദരെ വിശേഷിപ്പിക്കുന്നത്. ഗ്രീക്കുഭാഷയിലെ 'മു തെൻ സാർക്കാ' എന്ന പ്രയോഗം ഇതാണു സൂചിപ്പിക്കുന്നത്. യഹൂദരും രക്ഷിക്കപ്പെടണം എന്ന ആഗ്രഹമാണ് വിജാതീയരുടെ അപ്പസ്തോലനുള്ളത്.

വേരിനു ശിഖരങ്ങളെ വിശുദ്ധീകരിക്കാനാവും എന്ന ഒരു പ്രതീകാത്മകചിത്രം ഒലിവുമരത്തിന്റെയും കാട്ടൊലിവുമരത്തിന്റെയും അവതരണത്തിലൂടെ പൗലോസ് നടത്തുന്നുണ്ട് (11:17–24). ഒലിവുമരം ദൈവജനമായ ഇസ്രായേലാണ്. ഒലിവുചെടിയിൽനിന്നു മുറിച്ചുമാറ്റപ്പെട്ട ചില്ലകൾ മിശിഹായിൽ വിശ്വസിക്കാതെ മാറിനിൽക്കുന്ന യഹൂദരാണ്. ഒലിവുമരത്തോട്–ദൈവജനമായ ഇസ്രായേലിനോട്–ദൈവം ഒട്ടിച്ചുപിടിപ്പിച്ച കാട്ടൊലിവിന്റെ മുകുളങ്ങളുമാണു വിജാതീയർ. കാട്ടൊലിവിന്റെ മുകുളങ്ങളായിരുന്ന വിജാതീയർ ഒലിവുചെടിയോടു ചേർക്കപ്പെട്ടപ്പോൾ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രയേലിന്റെ എല്ലാ അവകാശങ്ങൾക്കും അനുഗ്രഹങ്ങൾക്കും അർഹരായി. ഒലിവുചെടിയുടെ തായ്ത്തണ്ടിലൂടെ കാട്ടൊലിവായ വിജാതീയർ രക്ഷ കരഗതമാക്കി.

ഈ തായ്ത്തണ്ടിൽനിന്നു പിരിഞ്ഞുപോയ ഒലിവിൻശിഖരങ്ങൾ – ഈശോയിൽ വിശ്വസിക്കാത്ത യഹൂദർ – തിരികെവരണമെന്നാണ് പൗലോസിന്റെ ആഗ്രഹം. അതു ന്യായവും യുക്തവുമാണ്. വീണുപോയവർ മുറിച്ചു മാറ്റപ്പെട്ടവരല്ല, തായ്ത്തണ്ടാകുന്ന മിശിഹായോട് ഒട്ടിച്ചേർക്കപ്പെടേണ്ടവരാണ്. യഹൂദർ ഈശോമിശിഹായിലുള്ള വിശ്വാസത്തിലേക്കു കടന്നുവരണമെന്നുള്ള ശ്ലീഹായുടെ ആഹ്വാനമാണിത്.

**മത്തായി 21:1–17:** ഇന്നത്തെ സുവിശേഷവായനയ്ക്ക് രണ്ടു ഭാഗങ്ങളുണ്ട്. 1. മിശിഹായുടെ രാജകീയപ്രവേശം 2. മിശിഹായുടെ ദൈവാലയശുദ്ധീകരണം. ഈശോ ആരാണെന്നും, അവിടുത്തെ തീക്ഷ്ണത എന്തിനെക്കുറിച്ചാണെന്നുമൊക്കെ അവതരിപ്പിക്കുന്ന വചനഭാഗമാണിത്.

ജറുസലേമിലേക്കുള്ള ഈശോയുടെ പ്രവേശനം പ്രവചനങ്ങളുടെ പൂർത്തീകരണം തന്നെയാണ് (21:4). സഖറിയാപ്രവാചകന്റെയും (9:9) ഏശയ്യാപ്രവാചകന്റെയും (62:11) പ്രവചനങ്ങളിൽ വ്യക്തമാക്കപ്പെടുന്ന വിനയാന്വിതനായ രാജാവാണ് മിശിഹാ. ദാവീദിന്റെ കഴുതയുടെ പുറത്തു യാത്രചെയ്ത് സോളമൻ നഗരത്തിൽ പ്രവേശിച്ചതുപോലെയാണ് (1 രാജാ 1:32–40) ഈശോയും ജറുസലേം നഗരത്തിലേക്കു പ്രവേശിക്കുന്നതെങ്കിലും സോളമനെപ്പോലെ യുദ്ധവീരനായല്ല മിശിഹാ പ്രവേശിച്ചത്; മറിച്ച്, വിനയത്തോടെയാണ്. ഇതാണ് രാജാവായ മിശിഹായുടെ സവിശേഷത. സമാധാനം വിതയ്ക്കുന്നവനാണ് ഈശോ; യുദ്ധസാമഗ്രികൾ അവിടുത്തെ കൈകകളില്ല.

ഈശോയുടെ കടന്നുവരവിൽ ജനം ഉറക്കെവിളിച്ചത് 'ദാവീദിന്റെ പുത്രനു ഹോസാന' (21:9) എന്നാണ്. 'ഹോസാന' എന്ന പദത്തിന്റെ അർഥം 'ഞങ്ങളെ രക്ഷിക്കണമേ' എന്നാണ്. ഇതൊരു പ്രാർഥനയും ഒപ്പം ആഹ്ലാദപ്രകടനവുമാണ്. 'ഉന്നതങ്ങളിൽ ഹോസാന' എന്ന ജനത്തിന്റെ പാട്ട് 'അത്യുന്നതങ്ങളിൽ വാഴുന്ന ദൈവം ഞങ്ങളെ രക്ഷിക്കട്ടെ' എന്നാണ് അർഥമാക്കുന്നത്. ഈശോമിശിഹായുടെ കടന്നുവരവ് രക്ഷയുടെ യുഗം തുറക്കുകയാണ്.

ഈശോ നടത്തുന്ന ശുദ്ധീകരണം ദൈവാലയത്തിൽ (നാവോസ്) അല്ല; മറിച്ച്, ദൈവാലയാങ്കത്തിൽ (ഹിയെറോൺ) ആണ്. temple courtyard എന്നർഥം വരുന്ന hieron എന്ന പദം 34 ഏക്കർ വിസ്താരത്തിൽ കിടക്കുന്ന ജറുസലെംദൈവാലയമുറ്റത്തെയാണു സൂചിപ്പിക്കുന്നത്. ദൈവാലയവും ദൈവാലയപരിസരവും വിശുദ്ധമാണ്. അതു കൊള്ളലാഭത്തിനും ചൂഷണത്തിനുമുള്ള ഇടമല്ല. ദൈവസാന്നിധ്യം നിറഞ്ഞുനിൽക്കുന്ന ഇടമാകണം ദൈവാലയമുറ്റങ്ങളും.

■

Deepanalam Weekly
RNI No : 16998/68
Vol. 57 No. 3 Date of Publication 14 March 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

കെട്ടിടനിർമാണത്തിനാവശ്യമായ എല്ലാ സാനിട്ടറി, ഇലക്ട്രിക്കൽ & ഹാർഡ്‌വെയർ ഫിറ്റിങ്ങുകളുടെ വിപുലമായ ശേഖരം




KOHLER | star sanitaryware & bathware | hindware

തുടങ്ങിയ ലോകോത്തര ബ്രാൻഡുകളുടെ ബാത്ത്റൂം ഫിറ്റിങ്ങുകളും, ഉയർന്ന ഗുണമേന്മയും സുരക്ഷയും ഉറപ്പുനൽകുന്ന Finolex V-GUARD legrand HAVELLS POLYCAB തുടങ്ങിയ ഇലക്ട്രിക്കൽ ഉത്പന്നങ്ങളും മറ്റു പ്രമുഖ ബ്രാൻഡുകളും ഏറ്റവും കുറഞ്ഞ വിലയിൽ ഇവിടെ നിന്നു ലഭിക്കുന്നു.

**PALA ELECTRICALS & BUILDWARES**

THODUPUZHA ROAD, PALA 91884 68107




60 Years Trust
KTS PRODUCTS
SINCE 1995

**Tastit**
ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2015 CERTIFIED COMPANY

www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



**മൂഴയിൽ ജൂവലറി**
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
**മൂഴയിൽ ഫൈനാൻസിയേഴ്സ്**
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ



**സ്നേഹിത**
ഹോം നേഴ്സിംഗ് &
സെക്യൂരിറ്റി സർവ്വീസിംഗ്
ഒന്നാം നില, ബീനാ ബിൽഡിംഗ്, വില്ലേജ് ഓഫീസിനു സമീപം
ഏറ്റുമാനൂർ

രോഗീപരിചരണം, വൃദ്ധപരിചരണം, പ്രസവപരിചരണം, ശിശുപരിപാലനം, വീട്ടുജോലി, ആശുപത്രി കൂട്ടിരിപ്പുകാർ എന്നീ സേവനങ്ങൾക്ക് വിശ്വസ്തരായ ജോലിക്കാരെ കേരളത്തിനകത്തും പുറത്തും നൽകുന്നു.

ജോലി ആവശ്യമുള്ളവരും ജോലിക്കാരെ ആവശ്യമുള്ളവരും ബന്ധപ്പെടുക
PH : 9961948103, 9072208347

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org